27
2021
ഓഗസ്റ്റ്
വെള്ളി
1197
ചിങ്ങം 11

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 143 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-143 പേജ് 4. വില 2.00 രൂപ

02 വ്യാഴാഴ്ച 30,077 പേർക്ക് കോവിഡ്; 18,997 പേർ രോഗമുക്തി നേടി
03 കാർഷിക ഗ്രാമ വികസന ബാങ്ക് ശമ്പള പരിഷ്കരണം ഉത്തരവായി
04 വ്യാഴാഴ്ച 30,077 പേർക്ക് കോവിഡ്; 18,997 പേർ രോഗമുക്തി നേടി

# കാബൂളിൽ ഇരട്ട സ്ഫോടനം 40 പേർ കൊല്ലപ്പെട്ടു

കാബൂൾ: അഫ്ഗാനിസ്ഥാൻറെ തലസ്ഥാനമായ കാബൂളിൽ വിമാനത്താവളത്തിന് മുന്നിൽ ഉണ്ടായ ഇരട്ട സ്ഫോടനങ്ങൾക്ക് പിന്നിൽ ഇസ്‌ലാമിക് സ്റ്റേറ്റ് (ഐഎസ്) ഭീകരരെന്ന് റിപ്പോർട്ട്. അഫ്ഗാൻ രഹസ്യാന്വേഷണ ഏജൻസികളാണ് ഇക്കാര്യം അറിയിച്ചത്. ഐഎസ് ആണ് ആക്രമണം നടത്തിയതെന്ന് താലിബാൻ വക്താക്കളും ആരോപിച്ചു.

അതേസമയം, വ്യാഴാഴ്ച വൈകിട്ട് നടന്ന സ്ഫോടനങ്ങളിൽ 40 പേർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ടുകൾ. താലിബാൻ അംഗങ്ങളും കുട്ടികളുമാണ് കൊല്ലപ്പെട്ടത്. വിമാനത്താവളത്തിലെ ബ്രിട്ടീഷ് സേന നിലയുറപ്പിച്ച അബ്ബി ഗേറ്റിനടുത്താണ് ആദ്യ സ്ഫോടനം ഉണ്ടായത്. വിമാനത്താവളത്തിനടുത്ത് വെടിയൊച്ച തുടരുന്നുണ്ട്. അമേരിക്കൻ സൈനികർക്ക് പരിക്കേറ്റതായും സ്ഥിരീകരിക്കാത്ത റിപ്പോർട്ടുണ്ട്.



രണ്ടാമത്തെ സ്ഫോടനം നടന്നത് കാബൂൾ വിമാനത്താവളത്തിനടുത്തുള്ള ഹോട്ടലിന് മുന്നിലാണെന്നാണ് ലഭിക്കുന്ന പ്രാഥമിക വിവരം. അതേസമയം സ്ഫോടനത്തിന് പിന്നാലെയുണ്ടായ വെടിവയ്പ് ആരൊക്കെ തമ്മിലാണെന്നും വ്യക്തമല്ല. യുഎസും യുകെയും ഉൾപ്പെടെ നിരവധി രാജ്യങ്ങൾ ഭീകരാക്രമണ മുന്നറിയിപ്പ് നൽകിയതിനു പിന്നാലെയാണ് സ്ഫോടനങ്ങളുണ്ടായത്.

വിമാനത്താവളത്തിന് പുറത്തുനടന്ന സ്ഫോടനങ്ങളെ താലിബാൻ 'ഭീകര പ്രവർത്തനം' എന്ന് വിശേഷിപ്പിച്ചു. ഭീകരാക്രമണത്തെക്കുറിച്ച് ഐഎസ്, യുഎസിന് വിവരങ്ങൾ നൽകിയിരുന്നെന്ന് താലിബാൻ വക്താവ് സബീഹുല്ല മുജാഹിദ് പറഞ്ഞു. 'രാജ്യാന്തര സമൂഹത്തോട് താലിബാൻ പ്രതിജ്ഞാബദ്ധരാണ്. ഭീകരർക്ക് അവരുടെ പ്രവർത്തനങ്ങളുടെ കേന്ദ്രമായി അഫ്ഗാനിസ്ഥാനെ ഉപയോഗിക്കാൻ അനുവദിക്കില്ല' അദ്ദേഹം പറഞ്ഞു.

വ്യാഴാഴ്ച വൈകിട്ട് നടന്ന സ്ഫോടനങ്ങളിൽ 13 പേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരുക്കേൽക്കുകയും ചെയ്തു. യുഎസ് സൈന്യത്തിലെ അംഗങ്ങൾക്കും പരുക്കേറ്റതായാണു റിപ്പോർട്ട്. താലിബാന്റെ ക്രൂരമായ ഭരണത്തിൽനിന്നു രക്ഷപ്പെടാനായി ആയിരക്കണക്കിന് അഫ്ഗാനികൾ വിമാനത്താവളത്തിനു ചുറ്റും തിങ്ങിനിറഞ്ഞിരുന്നപ്പോഴാണ് സ്ഫോടനമുണ്ടായത്. വിമാനത്താവളത്തിന്റെ പ്രവേശന കവാടത്തിന് സമീപവും ഒരു ഹോട്ടലിന് തൊട്ടുമുന്നിലുമായിരുന്നു സ്ഫോടനം.

യുഎസും യുകെയും ഉൾപ്പെടെ നിരവധി രാജ്യങ്ങൾ ഭീകരാക്രമണ മുന്നറിയിപ്പ് നൽകിയതിനു പിന്നാലെയാണ് സ്ഫോടനങ്ങളുണ്ടായത്. സ്ഫോടനങ്ങളെ തുടർന്ന്, അമേരിക്കൻ പൗരന്മാരോട് വിമാനത്താവളത്തിലേക്കുള്ള യാത്ര ഒഴിവാക്കാൻ കാബൂളിലെ യുഎസ് എംബസി മുന്നറിയിപ്പ് നൽകി. അടിയന്തരമായി പ്രദേശം വിട്ടുപോകാൻ ഫ്രഞ്ച് സർക്കാരും പൗരന്മാർക്കു നിർദേശം നൽകി. കാബൂൾ വിമാനത്താവളത്തിന് പുറത്തുണ്ടായ ആക്രമണം ഐഎസ് നടത്തിയതാണെന്നു വിശ്വസിക്കുന്നതായി ഒരു യുഎസ് ഉദ്യോഗസ്ഥൻ പറഞ്ഞു.

## സംസ്ഥാനത്ത് ഐസിയു, വെൻറിലേറ്റർ പ്രതിസന്ധിയില്ല: ആരോഗ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്ത് ആശുപത്രികളിൽ നിലവിൽ ഐസിയു, വെൻറിലേറ്റർ പ്രതിസന്ധിയില്ലെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ഒരു ജില്ലയിലും തീവ്രപരിചണ ചികിത്സയ്ക്ക് ഇപ്പോൾ ബുദ്ധിമുട്ട് നേരിടുന്നില്ല. ആശങ്ക പരത്തുന്ന തരത്തിലുള്ള പ്രചാരണങ്ങളാണ് നടക്കുന്നത്. സർക്കാർ ആശുപത്രികൾക്ക് പുറമേ 281 എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിലും കോവിഡ് ചികിത്സ എപിഎൽ, ബിപിഎൽ വ്യത്യാസമില്ലാതെ സൗജന്യമാണ്.

സർക്കാർ ആശുപത്രികളിൽ ഐസിയു സൗകര്യമോ വെൻറിലേറ്റർ സൗകര്യമോ ലഭ്യമല്ലെങ്കിൽ ഇത്തരം ആശുപത്രികളിലേക്ക് മാറ്റി ചികിത്സിപ്പിക്കുന്നതിനുള്ള സംവിധാനവുമുണ്ട്. അതിനാൽ തന്നെ ആശങ്കപ്പെടേണ്ട കാര്യമില്ലെന്നും മന്ത്രി വ്യക്തമാക്കി.

സർക്കാർ ആശുപത്രികളിൽ ആകെ 3048 ഐസിയു കിടക്കളുള്ളതിൽ 1020 കോവിഡ് രോഗികളും 740 നോൺ കോവിഡ് രോഗികളുമാണുള്ളത്. 1288 ഐസിയു കിടക്കകൾ (43 ശതമാനം) ബാക്കിയുണ്ട്. 2293 വെൻറിലേറ്ററുകളുള്ളതിൽ 444 കോവിഡ് രോഗികളും 148 നോൺ കോവിഡ് രോഗികളുമുണ്ട്. 1701 വെൻറിലേറ്ററുകൾ (75 ശതമാനം) ഒഴിവുണ്ട്.

കോവിഡ് ചികിത്സയ്ക്കായി മാത്രം 281 എംപാനൽഡ് ആശുപത്രികളിലായി 20,724 കിടക്കകൾ സജ്ജമാണ്. ഈ ആശുപത്രികളിൽ 2082 ഐസിയുകളും 1081 വെൻറിലേറ്ററുകളുമുണ്ട്. സ്വകാര്യ ആശുപത്രികളിൽ കോവിഡ് ചികിത്സയ്ക്കായി 798 പേർ ഐസിയുവിലും 313 പേർ വെൻറിലേറ്ററിലുമുണ്ട്. കോവിഡ് രോഗികളുടെ എണ്ണം കൂടിയാൽ സ്വകാര്യ ആശുപത്രികളിലെ കിടക്കകളുടെയും ഐസിയുകളുടേയും എണ്ണം വർധിപ്പിക്കാൻ സാധിക്കും. അതിനാൽ ആശങ്കയുടെ കാര്യമില്ലെന്നും മന്ത്രി വ്യക്തമാക്കി

## വീടുകളിൽ രോഗവ്യാപനം വർധിക്കുന്നു: ജാഗ്രത വേണമെന്ന് ആരോഗ്യമന്ത്രി

തിരുവനന്തപുരം: വീടുകളിൽ നിന്നും രോഗബാധിതരുടെ എണ്ണം വർധിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നതായി ആരോഗ്യമന്ത്രി വീണ ജോർജ്. 35 ശതമാനത്തോളം ആളുകൾക്ക് രോഗം ബാധിക്കുന്നത് വീടുകളിൽ നിന്നാണെന്നാണ് ആരോഗ്യ വകുപ്പിൻറെ പഠനം കാണിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

വീട്ടിൽ ഒരാൾക്ക് കോവിഡ് വന്നാൽ ആ വീട്ടിലെ എല്ലാവർക്കും കോവിഡ് വരുന്ന അവസ്ഥയാണുള്ളത്. ഹോം ക്വാറൻറൈൻ വ്യവസ്ഥകൾ കൃത്യമായി പാലിക്കാത്തതിനാലാണ് ഇത് സംഭവിക്കുന്നത്. വീട്ടിൽ സൗകര്യമുള്ളവർ മാത്രമേ ഹോം ക്വാറൻറൈനിൽ കഴിയാവൂ. അല്ലാത്തവർക്ക് ഇപ്പോഴും ഡിസിസികൾ ലഭ്യമാണെന്നും മന്ത്രി പറഞ്ഞു.

ഹോം ക്വാറൻറൈനിൽ കഴിയുന്നവർ മുറിയിൽ നിന്നും പുറത്തിറങ്ങരുത്. വീട്ടിലുള്ള എല്ലാവരും മാസ്ക് ധരിക്കണം. രോഗി ഉപയോഗിച്ച പാത്രങ്ങളോ സാധനങ്ങളോ മറ്റാരും ഉപയോഗിക്കരുത്. ഇടയ്ക്കിടയ്ക്ക് കൈകൾ സോപ്പുപയോഗിച്ച് കഴുകേണ്ടതാണ്. ഓരോ വീട്ടിലും കോവിഡ് എത്താതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണെന്നും മന്ത്രി വ്യക്തമാക്കി.

## കോവിഷീൽഡ് വാക്സിൻ ഡോസുകളുടെ ഇടവേള കുറച്ചേക്കും

ന്യൂഡൽഹി: കോവിഷീൽഡ് വാക്സിൻ ഡോസുകളുടെ ഇടവേള കുറച്ചേക്കുമെന്ന് സൂചന. ഇക്കാര്യത്തിൽ ആലോചന നടക്കുകയാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം വൃത്തങ്ങൾ അറിയിച്ചു.

നിലവിൽ കോവിഷീൽഡ് വാക്സിൻറെ രണ്ട് ഡോസുകൾ തമ്മിലുള്ള ഇടവേള 12 മുതൽ 16 ആഴ്ച വരെയാണ്. നേരത്തെ കോവിഷീൽഡ് വാക്സിൻറെ രണ്ടു ഡോസുകൾ തമ്മിൽ 84 ദിവസത്തെ ഇടവേള എന്തിനെന്ന് ഹൈക്കോടതി ചോദിച്ചിരുന്നു.

## അഫ്ഗാനിലെ സ്ഥിതി അതീവ ഗുരുതരമെന്ന് വിദേശകാര്യമന്ത്രി

ന്യൂഡൽഹി: അഫ്ഗാനിസ്ഥാനിലെ സ്ഥിതി അതീവ ഗുരുതരമാണെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. അഫ്ഗാനിൽ നിന്ന് ഇന്ത്യക്കാരെ ഒഴിപ്പിക്കുന്ന നടപടിക്കാണ് ഇപ്പോൾ ഏറെ പ്രാധാന്യം നൽകുന്നതെന്നും കക്ഷി നേതാക്കളുടെ യോഗത്തിൽ മന്ത്രി വ്യക്തമാക്കി.

കഴിയുന്ന അത്രയും ആളുകളെ ഒഴിപ്പിക്കാനാണ് ഇന്ത്യ ശ്രമിക്കുന്നത്. ഓഗസ്റ്റ് 15 മുതൽ ഇന്ത്യയിൽ എത്തിച്ചവരിൽ ഇന്ത്യക്കാർക്കു പുറമേ അഫ്ഗാനിൽ നിന്നുള്ള ഹിന്ദു, സിഖ് സമുദായത്തിൽ പെട്ടവരും ഉണ്ടെന്നും മന്ത്രി വിശദീകരിച്ചു. സംഘർഷഭൂമിയായി മാറിയ അഫ്ഗാനിൽ അകപ്പെട്ടരുടെയും സുരക്ഷയും രക്ഷാദൗത്യത്തിനും ആണ് സർക്കാർ ഏറെ പ്രാധാന്യം നൽകുന്നതെന്നും എസ്. ജയശങ്കർ വ്യക്തമാക്കി.

അഫ്ഗാനിസ്ഥാൻറെ കാര്യത്തിൽ ഇന്ത്യയ്ക്ക് ദീർഘകാല വൈകാരിക ബന്ധമുണ്ട്. വികസന പ്രവർത്തനങ്ങൾ അടക്കമുള്ള കാര്യങ്ങളിൽ ആശങ്കയുണ്ട്. അഞ്ഞൂറോളം പദ്ധതികളാണ് ഇന്ത്യയുടേതായി അഫ്ഗാനിസ്ഥാനിൽ ഉണ്ടായിരുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടരും. അഫ്ഗാനിസ്ഥാനിലെ നിലവിലെ സാഹചര്യങ്ങളും മാറ്റങ്ങളും മനസിൽ കരുതിയായിരിക്കും ഇന്ത്യയുടെ ഭാവി നീക്കങ്ങളെന്നും മന്ത്രി വ്യക്തമാക്കി.

## സുപ്രീംകോടതി ജഡ്ജി; കൊളീജിയം ശിപാർശ ചെയ്ത ഒൻപതു പേരെയും അംഗീകരിച്ച് കേന്ദ്രം

ന്യൂഡൽഹി: കേരള ഹൈക്കോടതിയിലെ ജസ്റ്റിസ് സി.ടി. രവികുമാറും മൂന്നു വനിതാ ജഡ്ജിമാരും ഉൾപ്പെടെ ഒൻപതു പേരെ സുപ്രീംകോടതി ജഡ്ജിമാരായി നിയമിക്കാനുള്ള സുപ്രീംകോടതി കൊളീജിയത്തിൻറെ ശിപാർശ കേന്ദ്രം അംഗീകരിച്ചു. ചീഫ് ജസ്റ്റിസ് എൻ.വി. രമണ അധ്യക്ഷനായ കൊളീജിയത്തിൻറേതായിരുന്നു ശിപാർശ.

ഇന്ത്യയുടെ ആദ്യ വനിത ചീഫ് ജസ്റ്റീസാകാൻ സാധ്യതയുള്ള ജസ്റ്റീസ് ബി.വി. നാഗരത്നയും പട്ടികയിലുണ്ട്. നിലവിൽ കർണാടക ഹൈക്കോടതിയിൽ പ്രവർത്തിക്കുകയാണ് ജസ്റ്റീസ് ബി.വി.നാഗരത്ന. ഇന്ത്യൻ ജുഡീഷ്യറിയുടെ ചരിത്രത്തിലാദ്യമായിട്ടാണ് ഒരു വനിത ചീഫ് ജസ്റ്റീസാകാനുള്ള വഴിയൊരുങ്ങുന്നത്.

ജസ്റ്റീസ് ബി.വി. നാഗരത്നയ്ക്കു പുറമേ തെലുങ്കാന ഹൈക്കോടതി ചീഫ് ജസ്റ്റീസ് ഹിമ കോഹ്‌ലി, ഗുജറാത്ത് ഹൈക്കോടതി ജഡ്ജി ബേല ത്രിവേദി എന്നിവരാണു കൊളീജിയം ശിപാർശ ചെയ്ത മൂന്നു വനിതാ ജഡ്ജിമാർ.

ജസ്റ്റീസ് സി.ടി. രവികുമാർ (കേരളം), ജസ്റ്റീസ് അഭയ് ശ്രീനിവാസ് ഓഖ (കർണാടക ചീഫ് ജസ്റ്റീസ്), ജസ്റ്റീസ് വിക്രം നാഥ് (ഗുജറാത്ത് ചീഫ് ജസ്റ്റീസ്), ജസ്റ്റീസ് ജതേന്ദ്ര കുമാർ മഹേശ്വരി(സിക്കിം ചീഫ് ജസ്റ്റീസ്), ജസ്റ്റീസ് എം.എം. സുന്ദരേഷ് (മദ്രാസ്), പി.എസ്. നരസിംഹ (മുൻ അഡീഷണൽ സോളിസിറ്റർ ജനറൽ) എന്നിവരെയാണ് സുപ്രീം കോടതി ജഡ്ജിമാരായി കൊളീജിയം ശിപാർശ ചെയ്തിരിന്നത്. 22 മാസത്തിനു ശേഷമാണ് കൊളീജിയം പുതിയ ജഡ്ജിമാരെ സുപ്രീം കോടതിയിലേക്കു ശിപാർശ ചെയ്തത്.

### കാക്കനാട് ലഹരിമരുന്ന് കേസ് അട്ടിമറിനീക്കം; എക്സൈസ് ഇൻസ്പെക്ടർക്ക് സസ്പെൻഷൻ

കൊച്ചി: കാക്കനാട് ലഹരിമരുന്ന് കേസ് അട്ടിമറിക്കാൻ ശ്രമിച്ചെന്ന ആരോപണത്തിൽ എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി. കൊച്ചിയിലെ എക്സൈസ് ഇൻസ്പെക്ടർ എൻ. ശങ്കറിനെ സസ്പെൻഡ് ചെയ്തു. സിഐ അടക്കം നാല് എക്സൈസ് ഉദ്യോഗസ്ഥരെ സ്ഥലംമാറ്റി.

അഡീഷണൽ എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് നടപടി. കേസെടുക്കുന്നതിൽ ഉദ്യോഗസ്ഥർ ഗുരുതര വീഴ്ച വരുത്തിയെന്നാണ് അന്വേഷണ റിപ്പോർട്ട്. സംഭവത്തിൽ വകുപ്പുതല അന്വേഷണത്തിനും ശിപാർശ ചെയ്തിട്ടുണ്ട്. കേസിൽ അട്ടിമറി നടന്നതിൽ കസ്റ്റംസും അതൃപ്തി അറിയിച്ചിരുന്നു.

## പുട്ടുപൊടി അഥവാ കണ്ടിയപ്പം പൊടി




നമുക്ക് ജാതിയോ മതമോ ഇല്ലന്ന്് മലായാളികളുടെ ഒരേയൊരു ഗുരു ശ്രീനാരായണ ഗുരു പറഞ്ഞതും അതിന്റെ ശതാബ്ദി സർക്കാരിന്റെ നേതൃത്വത്തിലും അല്ലാതെയും ആഘോഷിക്കുകയും ചെയ്തതു മലയാളികൾ മറന്നിരിക്കാൻ ഇടയില്ല.നമ്മൾ ജാതിയെ നാടുകടത്തി.മതങ്ങളെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തി....ജാതിമതം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനത്ത്....മന.സ്സമാധാനത്തോടെ പാർപ്പുറപ്പിച്ചു.ജാതിയെന്നാൽ മലയാളിക്ക് ജാതിപത്രിയും ജാതിക്കായയും ആണെന്ന് ഊറ്റം കൊണ്ടു.

എന്നാൽ നാടുകടത്തിയ അതേ ജാതി,ഭക്ഷണത്തിലൂടെ തിരിച്ചുവരികയാണന്നു പറയാതെ വയ്യ.വീട്ടകങ്ങളിൽ പോലും ഭക്ഷണം പാത്രങ്ങളിൽ നിന്നു പായ്ക്കറ്റുകളിലേക്ക് സംഭവിക്കുന്ന സ്വാഭാവിക പരിണാമമെന്ന് ആശ്വസിക്കാം.എന്നാലും അങ്ങിനെ ആശ്വസിച്ചു നെടുവീർപ്പിടേണ്ടവരാണോ നമ്മൾ...നമ്മൾ കേരള മോഡലല്ലേ..എല്ലാക്കാര്യത്തിലും ലോകത്തിൽ ഒന്നാം സ്ഥാനക്കാർ. ഏ വൺഎസ്സ്കെ സി.നെയ്യ്..ആലായാൽ തറവേണം..അടുത്തൊരമ്പലം വേണ..മെന്നു പറഞ്ഞതുപോലെയാണ് നമ്പീശൻസ് നെയ്യില്ലാത്തൊരു അടുക്കളയില്ലന്ന പരസ്യവാചകം.ഏതായാലും നമ്പീശൻമാരെച്ചൊല്ലി നമുക്ക് അഭിമാനിക്കാം.അവർ അമ്പലവാസികളാണെങ്കിലും നെയ്യിന്റെ കുത്തക നമ്പൂരിക്ക് വിട്ടുകൊടുത്തില്ലല്ലോ..ജി.എസ്സ്.ബി നെയ്യിന്റെ കാര്യത്തിൽ എനിക്കത്ര ഉറപ്പൊന്നുമില്ല.ജി.എസ്സ്.ബി.എന്നതിന്റെ പൂർണ്ണരൂപം ഗൗഡസാരസ്വത ബ്രാഹ്മൺ എന്നാണോ...,ജി.സോമനാഥ് ഭട്ടാചാര്യ... എന്നാണോ എന്നു കൃത്യമായി എനിക്കറിയില്ല.

അച്ചാറുകളുടെ കാര്യമെടുക്കുക.നമ്പൂതിരീസ് പിക്കിൾസ്,വാരിയേഴ്സ് അച്ചാർ...ഇല്ലപ്പേരു ചേർത്തു വേണ്ടതിലേറെ.അച്ചാർ കല്ലുമ്മക്കായയും,കൊഞ്ചുമാകുമ്പോൾ പേരു ബീവിസ് തന്നെ.സാമ്പാറിന്റെ കാര്യം വന്നാൽ പൊടി അയ്യേഴ്സ് തന്നെ വേണം.അതുകൊണ്ടും തൃപ്തി വരാത്തവർക്ക് അയ്യങ്കാർ സാമ്പാർ മിക്സും തയ്യാർ.രസപ്പൊടി ഏതായാലും നന്നാവണമെങ്കിൽ അമ്മ്യാഴ്സ് തന്നെ വേണം.ഏറ്റവും രസകരം ബ്രാഹ്മിൻസ് പുട്ടുപൊടിയാണ്.കേരളബ്രാഹ്മണൻമാരുടെ അടുക്കളയിൽ പത്തൊൻപതാം നൂറ്റാണ്ടു കഴിയുന്നതുവരെ കയറ്റാത്തൊരു സാധനമാണ് പുട്ട്.അവർ അതിനെ... കണ്ടിയപ്പം.. എന്നാണു വിളിച്ചിരുന്നത്.അതിന്റെ വാച്യാർത്ഥവും വ്യംഗ്യാർത്ഥവും വിശദീകരിക്കേണ്ടതില്ലല്ലോ...അയ്യേഴ്സ് ഫിഷ് മസാല,അയ്യങ്കാഴ്സ് മീറ്റ് മസാല,വാര്യയേഴ്സ് ചിക്കൻ മസാല എന്നിവയും ഉണ്ടോ എന്നു വ്യക്തമല്ല.സുറിയാനി ക്രിസ്ത്യാനികളുടെ പേരിൽ ഒരുപാടു കറിപ്പൊടികളും ചമ്മന്തിപ്പൊടിയും മാർക്കറ്റിൽ സുലഭം

എന്നാൽ നെല്ലിന്റെയും അരിയുടെയും കാര്യം വരുമ്പോൾ ജാതി അപ്പാടെ അപ്രത്യക്ഷമാകും.കാരണം ചെളിയിലിറങ്ങി പാടത്തു പണിയെടുക്കുന്നവർ ആരാണെന്ന് എല്ലാവർക്കുമറിയാം.അഞ്ചു കിലോ,പത്തു കിലോ പായ്ക്കറ്റുകളിലാക്കി വിതരണം ചെയ്യുന്ന ഈ അരികളുടെ ബ്രാൻഡ് നാമം ചെറുമനെന്നോ,പുലയനെന്നോ,കള്ളാടിയെന്നോ,കണക്കനെന്നോ അല്ല പകരം നിറപറ,പൊൻകതിർ,ഡബിൾ ഹോഴ്സ്,പവിഴം എന്നിവയൊക്കെയാണ്.എനിക്ക് ഒരപേക്ഷയേ ഉള്ളു.കപ്പ,ചേന,കാവുത്ത്,നനക്കിഴങ്ങ്,ചക്കരക്കിഴങ്ങ് തുടങ്ങിയമൈനർ സെറ്റ് വേഷങ്ങളും നമ്മുടെ ഭക്ഷണത്തിലുണ്ട്.അതു നമ്മുടെ സമൂഹത്തിലെ മൈനർ സെറ്റ് വേഷങ്ങൾക്ക് ബ്രാൻഡ് ചെയ്യാനായി വിട്ടുകൊടുക്കുക.അവരും ഭക്ഷണം കഴിക്കുന്നവരാണ്.മൂന്നു നേരവും കഴിക്കുന്നുണ്ടാവണമെന്നില്ലന്നു മാത്രം....

# സർക്കാർ നടത്തുന്നത് പ്രവാസികൾ നേരിടുന്ന വെല്ലുവിളികൾ യഥാസമയം പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ: മുഖ്യമന്ത്രി

## നോർക്കപ്രവാസിഭദ്രത സംരംഭകത്വ സഹായ പദ്ധതികൾക്ക് തുടക്കമായി

പ്രവാസികൾ നേരിടുന്ന വെല്ലുവിളികൾ യഥാസമയം പരിഹരിക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽരഹിതരായി തിരിച്ചെത്തിയവരും നാട്ടിൽ എത്തിയ ശേഷം മടങ്ങിപ്പോകാൻ കഴിയാത്തവരുമായ മലയാളികൾക്കായി നോർക്ക ആവിഷ്കരിച്ച നോർക്കപ്രവാസിഭദ്രത സംരംഭകത്വ സഹായ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എതാണ്ട് 15 ലക്ഷത്തോളം സഹോദരങ്ങളാണ് കോവിഡ് കാലത്ത് നമ്മുടെ നാട്ടിലെത്തിയത്. ഇതിൽ വളരെയധികം പേർ ലോക്ഡൗൺ സൃഷ്ടിച്ച തൊഴിൽ നഷ്ടത്തിന്റെ ഇരകളുമാണ്. ജീവിതത്തിന്റെ നല്ലൊരുകാലം നമ്മുടെ നാടിന്റെ സമ്പദ്വ്യവസ്ഥ നിലനിർത്തുന്നതിനായി പ്രയത്നിച്ചവരാണിവർ. ഇവരെ സംരക്ഷിക്കുന്ന കാര്യത്തിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നതിനാലാണ് അവർക്കായി പദ്ധതികൾ ആവിഷ്കരിക്കുന്നത്.

കോവിഡ് മഹാമാരി ആരംഭിച്ച ഘട്ടംമുതൽ തന്നെ നോർക്കാ റൂട്ട്സിൽ കോവിഡ് റെസ്പോൺസ് സെൽ ആരംഭിച്ചിരുന്നു. അതുവഴി പ്രവാസി മലയാളികളുടെ ആശങ്കകൾ വലിയൊരളവോളം പരിഹരിക്കാനായി. വിവിധ രാജ്യങ്ങളിലെ ലോക കേരള സഭാംഗങ്ങളുമായും പ്രവാസി സംഘടനാ നേതാക്കളുമായും ബന്ധപ്പെട്ട്, പ്രവാസികളുടെ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ സർക്കാർ പ്രത്യേകം ശ്രദ്ധ പുലർത്തി. 16 രാജ്യങ്ങളിൽ കോവിഡ് ഹെൽപ്പ്ഡെസ്ക് ആരംഭിച്ചു. പ്രവാസികൾക്ക് നാട്ടിലെ ഡോക്ടർമാരുമായി ബന്ധപ്പെടുന്നതിനു ടെലിമെഡിസിൻ സംവിധാനവും ഏർപ്പെടുത്തിയിരുന്നു.

ലോക്ഡൗൺ മൂലം തൊഴിലിടങ്ങളിലേക്കു തിരിച്ചുപോകാൻ സാധിക്കാതെ വന്നവർക്ക് അടിയന്തര ധനസഹായമായി അയ്യായിരം രൂപ വീതം അനുവദിച്ചു. അതു വലിയ തുകയല്ലെങ്കിലും സർക്കാരിന്റെ കരുതലിന്റെ സൂചന അതിലുണ്ട്. ഏതാണ്ട് ഒന്നേകാൽ ലക്ഷത്തിലധികം പേർക്കാണ് ഈ സഹായം ലഭിച്ചത്. 64.3 കോടി രൂപ ഇതിനായി വിനിയോഗിച്ചു. പ്രവാസി ക്ഷേമനിധിക്ക് 9 കോടി രൂപ വകയിരുത്തി. അഭ്യസ്തവിദ്യരുടെ ഡിജിറ്റൽ തൊഴിൽ പദ്ധതി, വായ്പാടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിപാടി, സേവനപ്രദാന സംഘങ്ങൾ, വിപണന ശൃംഖല എന്നീ നാല് സ്കീമുകളിൽ പ്രവാസികൾക്ക് മുൻഗണന നൽകാനും തീരുമാനിച്ചു.

പ്രവാസികളുടെ വിവിധ ക്ഷേമപദ്ധതികൾക്കുള്ള ബജറ്റ് വിഹിതം 170 കോടി രൂപയായി ഉയർത്തി. ഏകോപിത പ്രവാസി തൊഴിൽ പദ്ധതിയ്ക്കായി 100 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

ഇതിൽ നിന്നുള്ള തുക ഉപയോഗപ്പെടുത്തി ആരംഭിക്കുന്ന മൂന്ന് തൊഴിൽ സംരംഭകത്വ പദ്ധതികൾക്കാണ് തുടക്കമാകുന്നത്. നാനോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസിഭദ്രത പേൾ), മൈക്രോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത മൈക്രോ), കെ.എസ്.ഐ.ഡി.സി മുഖേന നടപ്പാക്കുന്ന സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം (പ്രവാസിഭദ്രത മെഗാ) എന്നിവയാണവ.

അവിദഗ്ദ്ധ തൊഴിൽമേഖലകളിൽ നിന്നു ള്ളവരും കുറഞ്ഞ വരുമാന പരിധിയുള്ളവരുമായ പ്രവാസി മലയാളികൾ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ മുഖേന പലിശരഹിത സംരംഭകത്വ വായ്പകളും പിന്തുണാ സഹായങ്ങളും ലഭ്യമാക്കാനാണ് പ്രവാസി ഭദ്രതനാനോ പദ്ധതി ലക്ഷ്യമിടുന്നത്. ഇതുവഴി സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് രണ്ട് ലക്ഷം രൂപ വരെ പലിശരഹിത വായ്പ ലഭിക്കും. ഇതിനായി 30 കോടി രൂപയാണ് മാറ്റിവെച്ചിട്ടുള്ളത്. കേരളാ ബാങ്ക് ഉൾപ്പെടെയുള്ള വിവിധ സഹകരണ സ്ഥാപനങ്ങൾ, പ്രവാസി സഹകരണ സംഘങ്ങൾ, ദേശസാൽകൃത ബാങ്കുകൾ തുടങ്ങിയവ വഴി സ്വയം തൊഴിൽ വായ്പ ലഭ്യമാക്കുന്ന പദ്ധതിയാണ് പ്രവാസി ഭദ്രതമൈക്രോ. ഇതുവഴി അഞ്ച് ലക്ഷം രൂപാ വരെ വായ്പ ലഭിക്കും. മാത്രമല്ല, പരമാവധി ഒരു ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും ഉണ്ടാകും. പദ്ധതിവിഹിതമായി 10 കോടി രൂപയാണ് മാറ്റിവെച്ചിട്ടുള്ളത്.

കെ.എസ്.ഐ.ഡി.സി മുഖാന്തരം നടപ്പാക്കുന്ന മുഖ്യമന്ത്രിയുടെ സംരംഭകത്വ ധനസഹായ പദ്ധതിയാണ് പ്രവാസി ഭദ്രതമെഗാ. 25 ലക്ഷം രൂപാ മുതൽ രണ്ടു കോടി രൂപ വരെയുള്ള വായ്പകൾ പലിശ സബ്സിഡിയോടെ ഈ പദ്ധതി വഴി ലഭ്യമാകും. 8.25 ശതമാനം മുതൽ 8.75 ശതമാനം വരെ പലിശ ഈടാക്കുന്ന വായ്പക ളിൽ ഗുണഭോക്താക്കൾ അഞ്ച് ശതമാനം മാത്രം നൽകിയാൽ മതിയാകും. ഗുണഭോക്താക്കൾക്കുള്ള പലിശ സബ്സിഡി ത്രൈ മാസക്കാലയളവിൽ നോർക്കാ റൂട്ട്സ് വഴി വിതരണം ചെയ്യും. ഒൻപത് കോടി രൂപയാണ് ഈ പദ്ധതിയ്ക്കായി മാറ്റിവെച്ചിട്ടുള്ളത്. ഈ പദ്ധതികൾ ശരിയാംവിധം ഉപയോഗപ്പെടുത്താൻ പ്രവാസി സുഹൃത്തുക്കൾ തയ്യാറാവണം. സംശയങ്ങൾ തീർക്കാനും പദ്ധതിയിൽ ചേരുന്നതിനു പിന്തുണ ഒരുക്കാനും നോർക്കാ റൂട്ട്സ് അടക്കമുള്ള സർക്കാർ സംവിധാനങ്ങൾ ഒപ്പമുണ്ടാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കോവിഡിന്റെ ഒന്നാംഘട്ടത്തിൽ നാം നേരിട്ട പ്രതിസന്ധി പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുക എന്നതായിരുന്നുവെങ്കിൽ, ഇപ്പോൾ അവരെ തിരികെ തൊഴിലിടങ്ങളിലേയ്ക്ക് എത്തിക്കുകയെന്നതാണ് സർക്കാരിന്റെ മുന്നിലുള്ള വെല്ലുവിളി.

വൈറസിന്റെ തീവ്രത കുറയുകയും ലോകം സാധാരണ നിലയിലേക്ക് തിരികെ വരുന്നുവെന്ന പ്രതീതി ഉണ്ടാവുകയും ചെയ്ത ഘട്ടത്തിലാണ്, വിദേശത്തുണ്ടായിരുന്ന പ്രവാസികളിൽ പലരും അവധിക്കും മറ്റുമായി നാട്ടിലെത്തിയത്. ഈ ഘട്ടത്തിലാണ് രാജ്യത്ത് കോവിഡിന്റെ രണ്ടാംതരംഗം ആഞ്ഞടിച്ചത്. ഇതോടെ ലോകരാജ്യങ്ങൾ പലതും വിമാനസർവ്വീസ് നിർത്തിവെച്ചു. അതോടെ നാട്ടിലെത്തിയ പലർക്കും യഥാസമയം തിരിച്ചു പോകാൻ സാധിക്കാത്ത നിലയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിൽ പ്രവാസികളെ മുൻഗണനാ വിഭാഗമാക്കി വാക്സിനേഷൻ നൽകുന്നുണ്ടെങ്കിലും കോവാക്സിനെ പല രാജ്യങ്ങളും ഇനിയും അംഗീകരിച്ചിട്ടില്ല. രണ്ടു ഡോസ് വാക്സിൻ സ്വീകരിച്ചവർക്ക് വിദേശത്ത് ക്വാറന്റൈൻ ഒഴിവാക്കുന്നുണ്ടെങ്കിലും അതിനുള്ള നടപടിക്രമങ്ങൾ സങ്കീർണമാണെന്നാണ് അറിയുന്നത്. ഇവയെല്ലാം പരിഹരിക്കാൻ നയതന്ത്രതല ചർച്ചകളാണ് അനിവാര്യം. അതിനായി കേരളം കേന്ദ്രസർക്കാരുമായി നിരന്തരം ആശയവിനിമയം നടത്തിവരികയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ വ്യവസായമന്ത്രി പി. രാജീവ് അധ്യക്ഷത വഹിച്ചു. പ്രവാസി സമൂഹത്തിലെ സാധാരണക്കാർക്കും അവരുടെ കുടുംബങ്ങൾക്കും ഏറെ പ്രയോജനപ്പെടുന്ന പദ്ധതികൾക്കാണ് തുടക്കമാകുന്നതെന്ന് അദ്ദേഹം പറഞ്ഞു. തദ്ദേശസ്വയംഭരണ മന്ത്രി എം.വി.ഗോവിന്ദൻ മാസ്റ്റർ ഓൺലൈനായി പങ്കെടുത്ത് മുഖ്യപ്രഭാഷണം നടത്തി.

കെ.എസ്.ഐ.ഡി.സി എം.ഡി എം.ജി.രാജമാണിക്യം, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഐ. ശ്രീവിദ്യ എന്നിവരുമായി ധാരണാപത്രം കൈമാറി. നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി കെ. ഇളങ്കോവൻ, നോർക്ക റസിഡന്റ് വൈസ് ചെയർമാൻ കെ.വരദരാജൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ.ഹരികൃഷ്ണൻ നമ്പൂതിരി തുടങ്ങിയവർ സംബന്ധിച്ചു.



ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടത്തിയ ക്ഷീരകർഷക ക്ഷേമനിധി സമ്പൂർണ അംഗത്വ ക്യാമ്പയിന്റെ ഉദ്ഘാടന ചടങ്ങിൽ മന്ത്രി ജെ. ചിഞ്ചുറാണി ദീപം തെളിയിക്കുന്നു

# വ്യാഴാഴ്ച 30,077 പേർക്ക് കോവിഡ്; 18,997 പേർ രോഗമുക്തി നേടി

കേരളത്തിൽ വ്യാഴാഴ്ച 30,077 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 3872, കോഴിക്കോട് 3461, തൃശൂർ 3157, മലപ്പുറം 2985, കൊല്ലം 2619, പാലക്കാട് 2261, തിരുവനന്തപുരം 1996, കോട്ടയം 1992, കണ്ണൂർ 1939, ആലപ്പുഴ 1741, പത്തനംതിട്ട 1380, വയനാട് 1161, ഇടുക്കി 900, കാസർഗോഡ് 613 എന്നിങ്ങനേയാണ് ജില്ലകളിൽ രോഗബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 1,66,397 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 18.03 ആണ്. റുട്ടീൻ സാമ്പിൾ, സെന്റിനൽ സാമ്പിൾ, സിബി നാറ്റ്, ട്രൂനാറ്റ്, പി.ഒ.സി.ടി. പി.സി.ആർ., ആർ.ടി. എൽ.എ.എം.പി., ആന്റിജൻ പരിശോധന എന്നിവ ഉൾപ്പെടെ ഇതുവരെ 3,07,85,443 ആകെ സാമ്പിളുകളാണ് പരിശോധിച്ചത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 162 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 20,134 ആയി.

രോഗം സ്ഥിരീകരിച്ചവരിൽ 128 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 28,650 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 1195 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. എറണാകുളം 3810, കോഴിക്കോട് 3425, തൃശൂർ 3134, മലപ്പുറം 2877, കൊല്ലം 2608, പാലക്കാട് 1548, തിരുവനന്തപുരം 1890, കോട്ടയം 1848, കണ്ണൂർ 1825, ആലപ്പുഴ 1705, പത്തനംതിട്ട 1357, വയനാട് 1141, ഇടുക്കി 889, കാസർഗോഡ് 593 എന്നിങ്ങനെയാണ് സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.

104 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. കണ്ണൂർ 28, വയനാട് 14, കാസർഗോഡ് 13, പാലക്കാട് 11, തൃശൂർ 10, കൊല്ലം 8, പത്തനംതിട്ട 7, തിരുവനന്തപുരം, ആലപ്പുഴ 3 വീതം, ഇടുക്കി, എറണാകുളം, കോഴിക്കോട് 2 വീതം, കോട്ടയം 1 എന്നിങ്ങനെ ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 18,997 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1019, കൊല്ലം 1134, പത്തനംതിട്ട 516, ആലപ്പുഴ 855, കോട്ടയം 1158, ഇടുക്കി 652, എറണാകുളം 2136, തൃശൂർ 2204, പാലക്കാട് 2165, മലപ്പുറം 2656, കോഴിക്കോട് 2366, വയനാട് 470, കണ്ണൂർ 1341, കാസർഗോഡ് 325 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 1,81,209 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 37,11,625 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,87,246 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 4,59,821 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും 27,425 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 2890 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ പ്രദേശങ്ങളെ തരംതിരിച്ചിട്ടുണ്ട്. 68 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലായി 346 വാർഡുകളാണ് ഡബ്ല്യു.ഐ.പി.ആർ. എട്ടിന് മുകളിലുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

# മലബാർ നാവികാഭ്യാസത്തിന് തുടക്കം: ഇന്ത്യക്കൊപ്പം യുഎസും ജപ്പാനും ഓസ്ട്രേലിയയും

ന്യൂഡൽഹി: മലബാർ നാവികാഭ്യാസത്തിൽ പങ്കെടുക്കാൻ ഇന്ത്യൻ നാവികസേനയും. അമേരിക്കൻ തീരത്ത് നടക്കുന്ന മലബാർ21 നാവികാഭ്യാസത്തിന് ഇന്നലെ തുടക്കംകുറിച്ചു. ക്വാഡ്സഖ്യത്തിലെ അമേരിക്ക, ഓസ്ട്രേലിയ, ജപ്പാൻ എന്നീ രാജ്യങ്ങൾക്കൊപ്പമാണ് ഇന്ത്യൻ നാവികസേന പങ്കെടുക്കുന്നത്.

അമേരിക്കയുടെ സമുദ്രമേഖലയിലാണ് ക്വാഡ് സഖ്യത്തിലെ നാല് രാജ്യങ്ങളും സംയുക്ത പരിശീലനം നടത്തുന്നത്. ഇന്ത്യക്കായി ഐഎൻഎസ് ശിവാലികും കാട്മട്ടുമാണ് പങ്കെടുക്കുന്നത്. ഇതിനൊപ്പം പി8ഐ വിമാനവും പരിശീലനത്തിലുണ്ട്. അമേരിക്കൻ നാവികസേന, ജപ്പാന്റെ മാരിടൈം സെൽഫ് ഡിഫൻസ് ഫോഴ്സ്, റോയൽ ഓസ്ട്രേലിയൻ നേവി എന്നിവരാണ് എന്നിവരാണ് മറ്റ് സേനകൾ. 1992ലാണ് മലബാർ എന്ന പേരിൽ ഇന്ത്യഅമേരിക്ക സംയുക്ത നാവികാഭ്യാസം ആരംഭിച്ചത്. 2015ൽ ജപ്പാൻ പങ്കാളിയായി. 2020ലാണ് ഓസ്ട്രേലിയൻ നാവികസേനയും മലബാറിന്റെ ഭാഗമായത്.

അത്യാധുനികമായ എല്ലാ ആയുധങ്ങളും സാങ്കേതിക വിദ്യയും പരീക്ഷിക്കപ്പെടും. നാവികരുടെ ക്ഷമതയും പരിശോധിക്കുന്ന നിരവധി പരിശീലനങ്ങളും സാഹസിക നീക്കങ്ങളും സമുദ്രത്തിൽ നടക്കും. മിസൈൽ പരീക്ഷണങ്ങൾ, പ്രതിരോധം, അന്തർ വാഹിനി ആക്രമണവും പ്രതിരോധവും പരിശീലനങ്ങളുടെ ഭാഗമാണ്. മലബാർ സൈനിക അഭ്യാസത്തിന്റെ 25ാം വർഷമാണിത്.

# തദ്ദേശ സ്ഥാപന പരിധികളിലെ കോവിഡ് സ്ഥിതിവിവരം

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രതിവാര രോഗബാധ ജനസംഖ്യ അനുപാതപ്രകാരം(ഡബ്ലിയു.ഐ.പി.ആർ)പുതുക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ സെപ്റ്റംബർ ഒന്നു വരെ നിയന്ത്രണങ്ങൾ തുടരുമെന്ന് ജില്ലാ കലക്ടർ ബി. അബ്ദുൽ നാസർ അറിയിച്ചു. ഡബ്ലിയു.ഐ.പി.ആർ എട്ടു ശതമാനത്തിന് മുകളിലുള്ള പുനലൂർ മുനിസിപ്പാലിറ്റിയിലെ 1, 2, 31, 23, 17, 33 വാർഡുകളിലും പരവൂർ മുനിസിപ്പാലിറ്റിയിലെ 25, 12 വാർഡുകളിലും കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ 16, 27 വാർഡുകളിലും ഇന്നലെ(ഓഗസ്റ്റ് 26) മുതൽ കർശന ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഇവിടങ്ങളിൽ ആവശ്യ സർവീസുകൾക്ക് ഇളവുകൾ അനുവദിക്കും. കണ്ടയിൻമെന്റ് സോണിൽ ഉൾപ്പെടുന്ന ഓഫീസുകളിൽ എല്ലാ മീറ്റിങ്ങുകളും ഓൺലൈനായി മാത്രം ചേരണം. ആൾക്കൂട്ടം കർശനമായി ഒഴിവാക്കണമെന്നും ജില്ലാ കലക്ടർ അറിയിച്ചു.

കോർപറേഷനിലെയും നഗരസഭാ പരിധികളിലെയും(വാർഡ്/ഡിവിഷൻ) ഗ്രാമപഞ്ചായത്തുകളിലെയും പ്രതിവാര രോഗബാധ ജനസംഖ്യാ അനുപാത നിരക്ക് ചുവടെ ചേർത്തിരിക്കുന്നു.

കൊല്ലം കോർപറേഷൻ വാർഡ്224.54 ശതമാനം, 283.64, 413.12, 123.04, 193.01, 303, 452.96, 332.84, 312.67, 252.46, 232.44, 512.42, 152.35, 532.28, 92.19, 492.09, 12.04, 391.97, 241.83, 21.81, 341.8, 401.67, 81.47, 211.45, 101.42, 351.42, 461.42, 321.4, 141.33, 71.32, 291.25, 111.23, 51.22, 521.22, 161.06, 61.05, 270.97, 200.91, 260.75, 40.74, 370.72, 540.72, 130.7, 180.64, 30.62, 360.62, 380.6, 550.59, 500.57, 170.44, 430.37, 440.32, 470.31, 420.12, 480.12;

കൊട്ടാരക്കര മുനിസിപ്പാലിറ്റിവാർഡ് 206.1 ശതമാനം, 224.71, 154.48, 33.4, 53.1, 73.1, 42.82, 192.5, 62.33, 22.16, 132.13, 92.07, 181.92, 171.63, 231.59, 241.43, 291.16, 261.15, 271.08, 110.78, 140.61, 10, 80, 100, 120, 160, 210, 250, 280;

പരവൂർ മുനിസിപ്പാലിറ്റി വാർഡ് 2510.38 ശതമാനം, 1210, 26.57, 185.89, 55.7, 14.65, 214.6, 313.94, 103.88, 173.54, 63.45, 43.19, 153.13, 243.09, 323, 82.56, 291.82, 31.65, 161.55, 131.15, 201.14, 270.86, 220.76, 140.69, 300.69, 190.67, 70, 90, 110, 230, 260, 280;

പുനലൂർ മുനിസിപ്പാലിറ്റി വാർഡ് 113.99 ശതമാനം, 212.32, 3111.78, 2311.1, 1710, 338.02, 136.15, 215.99, 55.59, 104.54, 84.26, 74.07, 323.86, 113.63, 303.52, 143.13, 262.25, 272.19, 252.18, 62.04, 151.81, 121.33, 161.28, 281.25, 291.23, 351.23, 90.95, 240.76, 190.75, 180.73, 220.7, 200.69, 30, 40, 340;

കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിവാർഡ് 169.44 ശതമാനം, 278.01, 126.71, 326.16, 235.94, 205.78, 184.77, 104.73, 304.64, 74.59, 314.2, 194.11, 214.05, 253.88, 153.62, 93.18, 292.99, 132.94, 282.31, 112.11, 41.99, 141.34, 81.15, 240.99, 350.97, 220.72, 330.68, 260.5, 10, 20, 30, 50, 60, 170, 340;

കുണ്ടറ6.17 ശതമാനം, അലയമൺ4.19, പട്ടാഴി4.14, പത്തനാപുരം3.81, കരവാളൂർ 3.49, നിലമേൽ3.47, തെക്കുംഭാഗം3.32, അഞ്ചൽ 3.25, വിളക്കുടി3.24, ഇളമ്പള്ളൂർ3.22, ചിറക്കര2.99, ശൂരനാട് വടക്ക്2.96, പൂതക്കുളം2.88, തഴവ2.84, മേലില 2.81, ചാത്തന്നൂർ2.78, ക്ലാപ്പന2.77, കരീപ്ര2.62, പോരുവഴി2.6, കുളക്കട2.58, മൈനാഗപ്പള്ളി2.55, നീണ്ടകര2.54, പെരിനാട്2.52, വെളിനല്ലൂർ2.49, കുന്നത്തൂർ 2.44, കല്ലുവാതുക്കൽ2.41, ഇളമാട്2.39, ഓച്ചിറ2.39, കടയ്ക്കൽ2.39, പൂയപ്പള്ളി 2.38, ചവറ2.36, ചടയമംഗലം2.35, കൊറ്റങ്കര2.35, ആദിച്ചനല്ലൂർ2.32, തലവൂർ 2.26, തൃക്കോവിൽവട്ടം 2.22, തെ ല2.21, കിഴക്കേകല്ലട2.2, ഏരൂർ2.18, പ ന 2.18, മൈലം2.17, ഇട്ടിവ2.14, വെളിയം2.1, പിറവന്തൂർ2.1, നെടുവത്തൂർ2.08, കുമ്മിൾ 2.08, പട്ടാഴി വടക്കേക്കര 1.99, കുളത്തൂപ്പുഴ1.97, തേവലക്കര1.88, പടിഞ്ഞാറേകല്ലട1.85, ശൂരനാട് തെക്ക് 1.8, നെടുമ്പന1.77, പേരയം 1.74, ചിതറ1.74, ഇടമുളയ്ക്കൽ1.69, കുലശേഖരപുരം 1.63, ശാസ്താംകോട്ട1.56, മയ്യനാട്1.5, ഉമ്മന്നൂർ1.5, മൺട്രോതുരുത്ത്1.45, തൊടിയൂർ1.45, പവിത്രേശ്വരം 1.44, പനയം1.33, വെട്ടിക്കവല1.32, ആര്യങ്കാവ്1.29, തൃക്കരുവ1.1, എഴുകോൺ1.05, ആലപ്പാട്0.79.

# കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം : അവസാന തീയതി ഇന്ന്

തിരുവനന്തപുരം : കേരള സർവകലാശാലയുടെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഇന്നവസാനിക്കും. പ്രവേശന നടപടികളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള വിവിധ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളെല്ലാം മേൽപ്പറഞ്ഞ തീയതിക്ക് മുമ്പ് തന്നെ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. ഇതുവരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്ത വിദ്യാർത്ഥികളെ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. ഇന്ന് വൈകുന്നേരം മൂന്നു മണിവരെ മാത്രമേ ഫോറം വഴിയുള്ള പരാതികൾ സ്വീകരിക്കുകയുള്ളൂ. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് തുടരാവശ്യത്തിനായി സൂക്ഷിക്കണം.

സ്പോർട്സ്ക്വാട്ട പ്രവേശനത്തിന് താല്പര്യമുള്ള വിദ്യാർത്ഥികൾ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്ത ശേഷം പ്രൊഫൈലിൽ ലഭ്യമാകുന്ന പ്രൊഫോമ ഓപ്ഷൻ നൽകിയിട്ടുള്ള കോളജുകളിൽ (സ്പോർട്സ്ക്വാട്ട പ്രവേശനത്തിന് താല്പര്യമുള്ള കോളജുകളിൽ മാത്രം) നേരിട്ടോ ഇമെയിൽ മുഖാന്തിരമോ വൈകിട്ട് അഞ്ച് മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. കോളജുകളുടെ ഇമെയിൽ ഐഡി അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധിച്ച സംശയനിവാരണങ്ങൾക്ക് 8281883052, 82281883053, 9188524610 നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.



കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണന മേളയുടെ ജില്ലാതല ഉദ്ഘാടനം ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ ബാലഗോപാൽ നിർവഹിക്കുന്നു



നോർക്ക-പ്രവാസിഭദ്രത സംരംഭകത്വ സഹായ പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ മാസ്കറ്റ് ഹോട്ടലിൽ നിർവഹിക്കുന്നു

# കാർഷിക ഗ്രാമ വികസന ബാങ്ക് ശമ്പള പരിഷ്കരണം ഉത്തരവായി

## ശമ്പള പരിഷ്കരണത്തിന് മുൻകാല പ്രാബല്യം

സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിറങ്ങി. പുതുക്കിയ ശമ്പളത്തിന് 2018 ജൂലൈ ഒന്നു മുതലുള്ള മുൻകാല പ്രാബല്യം അനുവദിച്ചിട്ടുണ്ട്. 2013 ലാണ് സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിൽ അവസാനം ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്. അഞ്ചു വർഷത്തിലൊരിക്കൽ ശമ്പളം പരിഷ്കരണം നടപ്പിലാക്കേണ്ടതായിരുന്നു. ഈ സാഹചര്യത്തിലാണ് കഴിഞ്ഞ ശമ്പള പരിഷ്കരണത്തിന്റെ കാലാവധി പൂർത്തിയായ മുറയ്ക്ക് മുൻകാല പ്രാബല്യം നൽകിയത്. ശമ്പള പരിഷ്കരണ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ സർക്കാർ വിശദമായ പരിശോധന നടത്തുകയും രജിസട്രാറുമായി ചർച്ച നടത്തുകയും ചെയ്തു. തുടർന്നാണ് സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചത്. വിവിധ അലവൻസുകളിൽ വർദ്ധന വരുത്തിയിട്ടുണ്ട്. ഇൻക്രിമെന്റുകൾ നേരത്തയുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി കാലതാമസമില്ലാതെ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 2018 ജൂലൈയ്ക്ക് ശേഷം സർവീസിൽ പ്രവേശിച്ചവർക്കും പുതുക്കിയ സ്കെയിലിലായിരിക്കും ശമ്പളം ലഭിക്കുക. 6200 രൂപയിൽ തുടങ്ങി 86,455 ൽ അവസാനിച്ചിരുന്ന മാസ്റ്റർ സ്കെയിൽ പരിഷ്കരണത്തിന് ശേഷം 9300 രൂപയിൽ തുടങ്ങി 1,07,950 രൂപയിലായിരിക്കും അവസാനിക്കുക. വിവിധ അലവൻസുകളിൽ 25 രൂപയുടെ വർദ്ധന വരുത്തിയിട്ടുണ്ട്. പരമാവധി സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അഞ്ചായി നിജപ്പെടുത്തിയിട്ടുണ്ട്. നാല് എണ്ണം വാർഷിക അടിസ്ഥാനത്തിലും അഞ്ചാമത്തേത് രണ്ടു വർഷം കഴിഞ്ഞുമാണ് അനുവദിക്കേണ്ടത്. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിച്ച ശേഷമുള്ള അടിസ്ഥാന ശമ്പളം ആ തസ്തികയിലെ മാസ്റ്റർ സ്കെയിലിനേക്കാൾ കൂടുതലാകാൻ പാടില്ല. 2018 ജൂലൈ ഒന്നിലെ ശമ്പളത്തോടൊപ്പം 54 ശതമാനം ക്ഷാമബത്ത ലയിപ്പിക്കും. തുടർന്നുള്ള വർഷങ്ങളിലെ ക്ഷാമബത്ത വർദ്ധിപ്പിച്ചു നൽകി. 2018 ജൂലൈ ഒന്നിനുള്ള ക്ഷാമബത്ത 52 ശതമാനവും 2019 ജനുവരി ഒന്നിന് 57 ശതമാനവും ജൂലൈയിൽ 63 ശതമാനവും 2020 ജനുവരിയിൽ 70 ശതമാനവും ജൂലൈയിൽ 76 ശതമാനവുമായിരിക്കും. വീട്ടുവാടക അടിസ്ഥാന ശമ്പളത്തിന്റെ 12 ശതമാനമോ പരമാവധി 5000 രൂപയോ ആയിരിക്കും. സർക്കാർ ഉദ്യോഗസ്ഥരുടേതിന് സമാനമായിരിക്കും സിറ്റി കോമ്പൻസേറ്ററി അലവൻസ്. മെഡിക്കൽ അലവൻസിനു പകരം മെഡിക്കൽ ഇൻഷുറൻസ് നടപ്പാക്കും. ഇൻഷുറൻസ് നടപടികൾ പൂർത്തീകരിക്കുന്നത് വരെ പ്രതിവർഷം 3000 രൂപ മെഡിക്കൽ അലവൻസായി ലഭിക്കും. സ്ഥിരം യാത്രാ ബത്ത താലൂക്കിൽ 2000 രൂപയും കൂടുതൽ താലൂക്കുകൾ പ്രവർത്തന മേഖലയായിട്ടുള്ളവർക്ക് 2250 രൂപയും ആയിരിക്കും. എട്ട് കിലോ മീറ്ററിൽ അധികമായി യാത്ര ചെയ്യേണ്ടി വരുന്ന ദിവസങ്ങളുടെ എണ്ണം 15 ആയി നിജപ്പെടുത്തി.

കണ്ണട അലവൻസ് 1750 രൂപയാക്കി. സബ് സ്റ്റാഫിന് എട്ട് മുതൽ 28 വർഷം വരെയുള്ള സർവീസിന് നാല് ഹയർ ഗ്രേഡുകളും ഇതര ജീവനക്കാർക്ക് എട്ട് മുതൽ 16 വർഷത്തിനിടയിൽ രണ്ട് ഹയർ ഗ്രേഡും സമയ ബന്ധിതമായി നൽകും. ജീവനക്കാർക്ക് ശമ്പള പരിഷ്കരണത്തിൽ ഓപ്ഷൻ അനുവദിച്ചിട്ടില്ല. പ്രാബല്യ തീയതി മുതൽ ശമ്പള നിർണയം നടപ്പിലാക്കും.

# കുടിവെള്ളമില്ലാതെ ലെബനൻ

## അരലിറ്റർ വെള്ളത്തിന് വില ആയിരം ലെബനീസ് പൗണ്ട്

ബെയ്റൂട്ട്: രാഷ്ട്രീയ, സാമ്പത്തിക പ്രതിസന്ധികളെ ത്തുടർന്ന് ലെബനൻ അതിരൂക്ഷമായ കുടിവെള്ള ക്ഷാമത്തിലേക്ക് നീങ്ങുന്നു. രാജ്യത്തെ കുടിവെള്ള വിതരണ സംവിധാനം ഗുരുതരമായ സ്ഥിതി വിശേഷത്തെ അഭിമുഖീകരിക്കുകയാണെന്നും ആറാഴ്ചയ്ക്കകം പൂർണ്ണമായി നിലച്ചേക്കുമെന്നും യുനിസെഫ് ഈ വിഷയത്തിൽ പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു. രാഷ്ട്രീയ പ്രതിസന്ധികളെത്തുടർന്ന് ഫണ്ട് ചെലവഴിക്കൽ മരവിച്ചതോടെ ലെബനൻ കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുന്നുണ്ട്. ഇതാണ് കുടിവെള്ള വിതരണം തകരാറിലാകാൻ കാരണം. ജലവിതരണ പദ്ധതികളുടെ അറ്റകുറ്റപ്പണികളും വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ്. ഇതിനോടകം നിരവധി പദ്ധതികൾ പണിമുടക്കി. നിലവിൽ 70 ശതമാനത്തോളം ജനങ്ങൾക്ക് കുടിവെള്ളം കിട്ടാക്കനിയായി മാറി. 17 ലക്ഷത്തോളം സിറിയൻ അഭയാർത്ഥികളും ഇവരിൽ ഉൾപ്പെടുന്നു. അഭയാർത്ഥികൾ തിങ്ങിപ്പാർക്കുന്ന ബാൽബെക്ക്ഹെർമൽ, ബെക്ക പ്രവിശ്യകളിലാണ് ഏറ്റവുമധികം കുടിവെള്ളക്ഷാമം നേരിടുന്നത്.

നിലവിൽ റേഷനിങ് രീതിയിലാണ് കുടിവെള്ള വിതരണം. അരലിറ്റർ കുടിവെള്ളം വിപണിയിൽ നിന്നും ലഭ്യമാക്കുന്നതിന് ആയിരം ലെബനീസ് പൗണ്ട് നൽകേണ്ടിവരും. കുടിവെള്ളത്തിന്റെ പൊതുവിതരണം നിലച്ചാൽ ജനങ്ങൾക്ക് ഈയിനത്തിൽ 200 ശതമാനം അധികചെലവ് നേരിടേണ്ടിവരും.

വർഷങ്ങളായി നീളുന്ന രാഷ്ട്രീയ അസ്ഥിരത രാജ്യത്തെ പകുതിയിലധികം ജനങ്ങളെ പട്ടിണിയിലേക്ക് തള്ളിയിട്ടുണ്ട്. ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവയ്ക്കെല്ലാം രാജ്യത്ത് ക്ഷാമം നേരിടുന്നുണ്ട്. ലോകത്ത് പെട്രോളിന് ഏറ്റവും അധികം വില നൽകേണ്ടിവരുന്ന രാജ്യവുമാണ് ലെബനൻ.

# 58.76 കോടിയിൽ അധികം വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നൽകി

ന്യൂഡൽഹി: രാജ്യത്തൊട്ടാകെ കോവിഡ്19 പ്രതിരോധ കുത്തിവയ്പ് അതിവേഗത്തിൽ നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

എല്ലാവർക്കും കോവിഡ്19 പ്രതിരോധ കുത്തിവയ്പു നൽകുന്ന പുതിയ ഘട്ടത്തിന് രാജ്യത്ത് 2021 ജൂൺ 21 നാണ് തുടക്കമായത്. പ്രതിരോധ മരുന്നു കൂടുതൽ ലഭ്യമാക്കിയതും, സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മരുന്നുലഭ്യത മുൻകൂട്ടി അറിയാൻ കഴിഞ്ഞതും മികച്ച ആസൂത്രണത്തിനും വിതരണശൃംഖല സുതാര്യമാക്കുന്നതിനും സഹായിച്ചു.

രാജ്യവ്യാപക പ്രതിരോധ കുത്തിവയ്പു പരിപാടിയുടെ ഭാഗമായി, സൗജന്യമായി വാക്സിനുകൾ നൽകി കേന്ദ്ര ഗവണ്മെന്റ് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പിന്തുണ നൽകി വരികയാണ്. കോവിഡ്19 പ്രതിരോധ കുത്തിവയ്പ് പരിപാടിയുടെ പുതിയ ഘട്ടത്തിൽ വാക്സിനുകളുടെ 75% കേന്ദ്ര ഗവണ്മെന്റ് സംഭരിക്കും. ഇങ്ങനെ സംഭരിക്കുന്ന വാക്സിനുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സൗജന്യമായി നൽകും.

കേന്ദ്ര ഗവണ്മെന്റ് സൗജന്യമായി ലഭ്യമാക്കിയതും സംസ്ഥാനങ്ങൾ നേരിട്ട് സംഭരിച്ചതുമുൾപ്പടെ ഇതുവരെ 58.76 കോടിയിലധികം (58,76,56,410) വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കൈമാറിയിട്ടുണ്ട്. 1,03,39,970 ഡോസുകൾ കൂടി ഉടൻ ലഭ്യമാക്കും.

3.77 കോടി (3,77,09,391) കോവിഡ് വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പക്കൽ ഇപ്പോഴും ലഭ്യമാണ്.

# മഹാരാഷ്ട്ര മുഖ്യമന്ത്രി ഉദ്ധവ് താക്കറെയ്ക്കെതിരെ പരാതിയുമായി ബിജെപി

മുംബൈ: മഹാരാഷ്ട്ര മുഖ്യമന്ത്രി ഉദ്ധവ് താക്കറെയെ മർദ്ദിക്കുമെന്ന് പരസ്യമായി പ്രസംഗിച്ച കേന്ദ്ര മന്ത്രി നാരായൺ റാണെയെ അറസ്റ്റ് ചെയ്ത് വിട്ടയച്ചതിന് തൊട്ടുപിന്നാലെ മുഖ്യമന്ത്രിക്കെതിരെ പരാതിയുമായി ബിജെപി. ഉദ്ധവ് താക്കറെ യുപി മുഖ്യമന്ത്രി ആദിത്യനാഥിനെതിരെ അപകീർത്തികരമായി പ്രസംഗിച്ചുവെന്നാരോപിച്ചാണ് ബിജെപി പരാതി നൽകിയിട്ടുള്ളത്. ഉദ്ധവിനു പുറമെ അദ്ദേഹത്തിന്റെ ഭാര്യയും പാർട്ടി മുഖപത്രം സാമ്നയുടെ എഡിറ്റർ രശ്മി താക്കറെ, യുവസേന പ്രസിഡന്റ് വരുൺ സർദേശായി എന്നിവർക്കെതിരേയും പരാതി നൽകിയിട്ടുണ്ട്. ഇവർക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്യണമെന്നാണ് ആവശ്യം.

മൂന്നു പേർക്കെതിരേയും നാസിക്കിൽ വേറെ വേറെ പരാതികളാണ് നൽകിയിട്ടുള്ളത്. എല്ലാ പരാതികളും ബിജെപി നേതാക്കളാണ് നൽകിയിട്ടുള്ളതെന്ന് പൊലീസ് സ്ഥിരീകരിച്ചു.

താക്കറെയ്ക്കെതിരേയും സർദേശായിക്കെതിരേയും ഋഷികേശ് ജയന്ത് എന്നയാളാണ് പരാതിപ്പെട്ടിരിക്കുന്നത്. സർദേശായി മുംബൈയിലെ റാണെയുടെ വസതിക്കുമുന്നിൽ നിയമവിരുദ്ധമായി പ്രകടനം നടത്തിയെന്നാണ് ആരോപിച്ചിരിക്കുന്നത്.

രണ്ടാമത്തെ പരാതി സുനിൽ രഘുനാഥ് കെദാർ ആണ് നൽകിയിരിക്കുന്നത്. അത് താക്കറെക്ക് എതിരെയാണ്. ആദിത്യനാഥിനെതിരെ മോശം പരാമർശമാണ് കാരണമായി ചൂണ്ടിക്കാട്ടിയിരിക്കുന്നത്. 2018ലെ ഒരു വീഡിയോ തെളിവായി കാണിച്ചിരിക്കുന്നു. ആദിത്യനാഥിനെ ചെരിപ്പെടുത്തടിക്കണമെന്ന് ആ വീഡിയോയിൽ ഉദ്ദവ് പറയുന്നുണ്ട്.

മൂന്നാമത്തെ പരാതി ശിവജി നവൃത്തി ബാർകെയാണ് നൽകിയിരിക്കുന്നത്, രശ്മി താക്കറെക്കെതിരേയാണ് പരാതി. സാമ്നയിലെ എഡിറ്റോറിയലിൽ റാണെക്കെതിരേ മോശം വാക്കുകൾ ഉപയോഗിച്ചു എന്നാണ് ആരോപണം.

# യുവ കലാകാരന്റെ പെയിന്റിംഗുകൾക്കും പൊതുജനാരോഗ്യത്തോടുള്ള ആശങ്കയ്ക്കും പ്രധാനമന്ത്രിയുടെ അഭിനന്ദനം

ന്യൂഡൽഹി,: ബെംഗളൂരുവിൽ നിന്നുള്ള സ്റ്റീവൻ ഹാരിസ് എന്ന വിദ്യാർത്ഥിയുടെ ചിത്രങ്ങളെ പ്രശംസിച്ച് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി കത്തെഴുതി 20 വയസ്സുള്ള ഈ യുവ കലാകാരൻ പ്രധാനമന്ത്രിയുടെ രണ്ട് മനോഹരമായ ചിത്രങ്ങളും പ്രധാനമന്ത്രിക്കയച്ച കത്തിനോടൊപ്പം വച്ചിരുന്നു. പ്രോത്സാഹനവും പ്രശംസയും ഉൾപ്പെടുത്തിയാണ് പ്രധാനമന്ത്രി മറുപടി നൽകിയത് സർഗ്ഗാത്മക മേഖലകളിലെ യുവജനങ്ങളുടെ താൽപ്പര്യവും ഉപാസനയും കാണുന്നത് വളരെ സന്തോഷകരമാണെന്ന് പ്രധാനമന്ത്രി എഴുതി. 'നിങ്ങളുടെ പെയിന്റിംഗുകൾ കാര്യങ്ങൾ ആഴത്തിൽ അനുഭവിക്കാനുള്ള നിങ്ങളുടെ കഴിവിനെ സൂചിപ്പിക്കുന്നു. സൂക്ഷ്മമായി സംവദിക്കുന്ന ഭാവങ്ങൾ

ഹൃദയസ്പർശിയാണ്.' പ്രധാനമന്ത്രി കത്തിൽ എഴുതി.

നിലവിലെ പ്രയാസമേറിയ കാലഘട്ടത്തിൽ പൊതുജനാരോഗ്യത്തെയും ക്ഷേമത്തെയും കുറിച്ചുള്ള കാഴ്ചപ്പാടുകൾക്ക് യുവ കലാകാരനെ പ്രധാനമന്ത്രി അഭിനന്ദിച്ചു. പകർച്ചവ്യാധിക്കെതിരായ നമ്മുടെ പോരാട്ടത്തിന് 130 കോടി ഇന്ത്യക്കാരുടെ കൂട്ടായ പരിശ്രമങ്ങൾക്കൊപ്പം പ്രതിരോധ കുത്തിവയ്പ്പ്, അച്ചടക്കം എന്നിവയും ശക്തി പകരുമെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി .

പോസിറ്റീവിറ്റി പടർത്താനുള്ള സ്റ്റീവന്റെ ശ്രമത്തിൽ നിന്ന് ആളുകൾ പ്രചോദിതരാകുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ 15 വർഷമായി താൻ ചിത്ര രചന നടത്തുകയാണെന്നും വിവിധ തലങ്ങളിൽ നൂറിലധികം അവാർഡുകൾ നേടിയിട്ടുണ്ടെന്നും സ്റ്റീവൻ തന്റെ കത്തിൽ പ്രധാനമന്ത്രിയോട് പറഞ്ഞിരുന്നു.

പ്രധാനമന്ത്രിയെ തന്റെ പ്രചോദനമെന്ന് വിശേഷിപ്പിച്ച അദ്ദേഹം കൊറോണയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയുടെ പ്രതിരോധ കുത്തിവയ്പ്പ് പദ്ധതിയെ പ്രശംസിക്കുകയും ചെയ്തു.

# സാമൂഹ്യ പ്രതിരോധത്തിലേക്ക് കേരളം

## രണ്ട് കോടി ജനങ്ങൾക്ക് ആദ്യ ഡോസ് വാക്സിൻ നൽകി

## വാക്സിനേഷൻ യജ്ഞത്തിൽ മാത്രം അരക്കോടിയിലധികം ഡോസ്

തിരുവനന്തപുരം: കോവിഡിന് എതിരെയുള്ള പോരാട്ടത്തിൽ സാമൂഹ്യപ്രതിരോധം പടുത്തുയർത്താനുള്ള ചുവടുവയ്പ്പുകൾ ഊർജിതമാക്കി കേരളം. സംസ്ഥാനത്തെ രണ്ട് കോടിയിലധികം ജനങ്ങൾക്ക് (2,00,04,196) ആദ്യ ഡോസ് വാക്സിൻ നൽകിയതായി ആരോഗ്യ വകുപ്പ് അറിയിച്ചു. പരമാവധി പേർക്ക് ഒരു ഡോസ് വാക്സിനെങ്കിലും നൽകി സുരക്ഷിതമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. സെപ്റ്റംബർ മാസത്തിൽ തന്നെ ലക്ഷ്യം കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷ. വാക്സിനേഷൻ ആരംഭിച്ച് 223 ദിവസം കൊണ്ടാണ് രണ്ട് കോടി ജനങ്ങൾക്ക് വാക്സിനേഷൻ എന്ന ലക്ഷ്യം സംസ്ഥാനം കൈവരിച്ചത്. ഓഗസ്റ്റ് ഒമ്പത് മുതൽ ആരംഭിച്ച വാക്സിനേഷൻ യജ്ഞത്തിലൂടെ മാത്രം ഇതുവരെ 54,07,847 ഡോസ് വാക്സിൻ വാക്സിനേഷൻ നൽകി. പ്രതിദിന വാക്സിനേഷൻ രണ്ട് തവണ അഞ്ച് ലക്ഷത്തിന് മുകളിലും, മൂന്ന് തവണ നാല് ലക്ഷത്തിന് മുകളിലുമെത്തി. ഇതുവരെ ഒന്നും രണ്ടും ഡോസ് ചേർത്ത് ആകെ 2,72,54,255 ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. 56.51 ശതമാനം പേർക്ക് ഒന്നാം ഡോസും, 20.48 ശതമാനം പേർക്ക് രണ്ടു ഡോസും നൽകി. 18 വയസിന് മുകളിലുള്ള 69.70 ശതമാനം പേർക്ക് ഒന്നാം ഡോസും, 25.26 ശതമാനം പേർക്ക് രണ്ടു ഡോസും നൽകിയിട്ടുണ്ട്. സ്തീകളാണ് വാക്സിൻ സ്വീകരിച്ചവരിൽ മുന്നിലുള്ളത്. ഒന്നും രണ്ടും ഡോസ് ചേർത്ത് 1,41,75,570 ഡോസ് വാക്സിൻ സ്ത്രീകൾക്കും 1,30,72,847 ഡോസ് പുരുഷന്മാർക്കുമാണ് നൽകിയത്. 18 നും 44 നും ഇടയ്ക്ക് പ്രായമുള്ളവർക്ക് 93,89,283 ഡോസും, 45 നും 60 നും ഇടയ്ക്ക് പ്രായമുള്ളവർക്ക് 89,98,496 ഡോസും, 60 വയസിന് മുകളിലുള്ളവർക്ക് 88,66,476 ഡോസുമാണ് നൽകിയിട്ടുള്ളത്. സംസ്ഥാനത്തിന് 6,55,070 ഡോസ് വാക്സിൻ കൂടി ലഭ്യമായി. 4,65,000 ഡോസ് കോവിഷീൽഡ് വാക്സിനും 1,90,070 ഡോസ് കോവാക്സിനുമാണ് ലഭ്യമായത്. തിരുവനന്തപുരം 1,57,500, എറണാകുളം 1,83,000, കോഴിക്കോട് 1,24,500 എന്നിങ്ങനെ ഡോസ് കോവിഷീൽഡ് വാക്സിനും, തിരുവനന്തപുരം 30,500, എറണാകുളം 35,450, കോഴിക്കോട് 1,24,120 എന്നിങ്ങനെ ഡോസ് കോവാക്സിനുമാണെത്തിയത്.

### മേറ്റ് ഒഴിവ്

ജില്ലയിലെ അർദ്ധസർക്കാർ സ്ഥാപനത്തിൽ മുസ്ലിം സമുദായത്തിന് സംവരണം ചെയ്ത മേറ്റ്(മൈനിങ്) തസ്തികയിലെ ഒരു ഒഴിവിൽ തത്കാലിക നിയമനം നടത്തും. എസ്.എസ്.എൽ.സി, മൈൻസ് ആക്ട് പ്രകാരം ലഭിച്ച മേറ്റ് സർട്ടിഫിക്കറ്റ്(മെറ്റാലിഫറസ്)യോഗ്യതയുള്ള പുരുഷ ർക്കാണ് അവസരം. പ്രായം 1841( നിയമാനുസൃത വയസിളവ് ബാധകം)സംവരണ സമുദായത്തിന്റെ അഭാവത്തിൽ തൊട്ടടുത്ത സംവരണ വിഭാഗത്തെയും അവരുടെ അഭാവത്തിൽ ഓപ്പൺ വിഭാഗക്കാരെയും പരിഗണിക്കും. യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാകണം.

# തീഹാർ ജയിലിൽ യുണിടെക് മുൻ പ്രമോട്ടർമാർക്ക് ഡൽഹി പൊലീസിന്റെ ഒത്താശ

ന്യൂഡൽഹി: സാമ്പത്തിക തട്ടിപ്പു കേസിൽ തീഹാർ ജയിലിൽ കഴിയുന്ന യുണിടെക് മുൻ പ്രമോട്ടർമാർക്ക് വഴിവിട്ട സഹായം.

ഡൽഹി പൊലീസിനെതിരെ രൂക്ഷ വിമർശനവുമായി സുപ്രീം കോടതി.

ജയിലിൽ കഴിയുന്ന മുൻ പ്രമോട്ടർമാർ കമ്പ്യൂട്ടറുകൾ ഉൾപ്പെടെ സ്ഥാപിച്ച് സമാന്തര ഓഫീസ് സംവിധാനം തീഹാർ ജയിലിനുള്ളിൽ നിന്നും പ്രവർത്തിപ്പിച്ചെന്നും ജയിൽ അധികൃതർ ഇതിന് ഒത്താശ ചെയ്തെന്നുമാണ് എൻഫോഴ്സമെന്റ് ഡറക്ടറേറ്റ് സുപ്രീം കോടതിയെ അറിയിച്ചത്.

കേന്ദ്ര സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന ഡൽഹി പൊലീസിന് കനത്ത തിരിച്ചടിയാകുന്ന വാദമുഖങ്ങളാണ് എൻഫോഴ്സമെന്റ് ഡയറക്ടറേറ്റ് കോടതിക്കു മുന്നിൽ നിരത്തിയത്. എൻഫോഴ്സമെന്റ് ഡയറക്ടറേറ്റ് നടത്തുന്ന അന്വേഷണം അട്ടിമറിക്കാൻ പാകത്തിനുള്ള നീക്കങ്ങളാണ് യുണിടെക് പ്രമോട്ടർമാരായ സഞ്ചയ് ചന്ദ്ര, അജയ് ചന്ദ്ര എന്നിവർ ജയിനുള്ളിൽ നിന്നും നടത്തിയത്.

ജയിൽ ചട്ടങ്ങൾ ലംഘിച്ചു തുടങ്ങിയ കാര്യങ്ങളാണ് ഇ ഡി കോടതിയെ അറിയിച്ചത്. ജയിലിലെ വഴിവിട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് എഡി വിവരങ്ങൾ കൈമാറിയിട്ടും പത്ത് ദിവസം കഴിഞ്ഞും ഡൽഹി പൊലീസ് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചില്ല.

ഇത് പരിഗണിച്ച കോടതി ഡൽഹി പൊലീസ് കമ്മിഷണർ നേരിട്ട് ഇക്കാര്യത്തിൽ അന്വേഷണം നടത്തി നാലാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സുപ്രീം കോടതിക്ക് സമർപ്പിക്കണമെന്ന് ഉത്തരവായി.

ചന്ദ്ര സഹോദരന്മാരെ തീഹാറിൽ നിന്നും മുംബൈയിലെ ആർതർ ജയിലിലേക്ക് മാറ്റാനും ജസ്റ്റിസുമാരായ ഡി വൈ ചന്ദ്രചൂഡ്, എം ആർ ഷാ എന്നിവരുൾപ്പെട്ട ബെഞ്ച് ഉത്തരവിറക്കി.

# മദർ തെരേസയ്ക്ക് ആദരം: യുഎൻ സ്റ്റാമ്പ് പുറത്തിറക്കി

ന്യൂഡൽഹി: മദർ തെരേസയുടെ 111ാം ജന്മദിനം പ്രമാണിച്ച് ഐക്യരാഷ്ട്ര സഭ പുതിയ തപാൽ സ്റ്റാമ്പ് പുറത്തിറക്കി. നമുക്കെല്ലാവർക്കും വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയില്ല. എന്നാൽ വലിയ സ്നേഹത്തോടെ ചെറിയ കാര്യങ്ങൾ ചെയ്യാൻ കഴിയും എന്ന മദർ തെരേസയുടെ വാചകവും സ്റ്റാമ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.


1910 ഓഗസ്റ്റ് 26ന് മാസിഡോണിയയിൽ അൽബേനിയൻ ദമ്പതികളുടെ മകളായാണ് ആഗ്നസ് ബോജസ്ക്യു ലൊറേറ്റ ജനിച്ചത്. 19ാം വയസിൽ കന്യാസ്ത്രീ സേവനത്തിനായി ഇന്ത്യയിലെത്തി. 1948ൽ കൊൽക്കത്ത കേന്ദ്രമാക്കി മിഷനറീസ് ഓഫ് ചാരിറ്റി എന്ന സന്യാസ സംഘടന ആരംഭിച്ച മദർ തെരേസ 1951ൽ ഇന്ത്യൻ പൗരത്വം സ്വീകരിച്ചു. നൊബേൽ, ഭാരതരത്ന പുരസ്ക്കാരങ്ങൾക്ക് അർഹയായിട്ടുണ്ട്. 1997 സെപ്റ്റംബർ അഞ്ചിനായിരുന്നു മരണം. കത്തോലിക്ക സഭ പിന്നീട് മദർ തെരേസയെ വിശുദ്ധഗണത്തിലേക്ക് ഉയർത്തി.

# വാക്സിനേഷൻ ഡ്രൈവുമായി തദ്ദേശ സ്ഥാപനങ്ങൾ

കോവിഡ് പ്രതിരോധ പ്രവർത്തങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി മെഗാ വാക്സിനേഷൻ ഡ്രൈവുകൾ സംഘടിപ്പിച്ച് ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾ. തൃക്കോവിൽവട്ടത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലും മൈലാപ്പൂർ എം.എം.കെ. ആഡിറ്റോറിയത്തിലും ഇന്ന്(ഓഗസ്റ്റ് 27) വാക്സിനേഷൻ ഡ്രൈവ് നടത്തുമെന്ന് പ്രസിഡന്റ് എൽ. ജലജകുമാരി അറിയിച്ചു. പവിത്രേശ്വരത്തെ ശ്രീനാരായണപുരം കുടുംബരോഗ്യകേന്ദ്രത്തിൽ മെഗാ വാക്സിനേഷൻ ക്യാമ്പ് നടത്തി. ആന്റിജൻ പരിശോധന വ്യാപകമാക്കി. വാണിജ്യ കേന്ദ്രങ്ങളിലും മാർക്കറ്റുകളിലും നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്.

തലവൂർ, നടുത്തേരി എന്നിവിടങ്ങളിൽ ഇന്നലെ (ഓഗസ്റ്റ് 26) മെഗാ വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിച്ചതായി പ്രസിഡന്റ് വി.എസ്.കലാദേവി പറഞ്ഞു. ആദിച്ചനല്ലൂരിലും തൃക്കരുവയിലും വാക്സിനേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

# മലങ്കര കത്തോലിക്കാ സഭ ഗുരുഗ്രാം ഭദ്രാസനാധിപൻ ജേക്കബ് മാർ ബർണബാസ് അന്തരിച്ചു



ന്യൂഡൽഹി: ദേശീയ തലസ്ഥാന മേഖലയായ ഗുരുഗ്രാമിലെ മലങ്കര കത്തോലിക്കാ സഭ പ്രഥമ ഭദ്രാസാനിധിപൻ ജേക്കബ് മാർ ബർണബാസ് (60) അന്തരിച്ചു. കോവിഡാനന്തര ചികിത്സയുമായി ബന്ധപ്പെട്ട് കുറെ കാലമായി ഗുരുഗ്രാമിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

2015ലാണ് പുതുതായി രൂപീകരിക്കപ്പെട്ട ഗുരുഗ്രാം ഭദ്രാസനാധിപനായി ജേക്കബ് മാർ ബർണബാസ് ചുമതലയേറ്റത്. ഭദ്രാസനത്തിന്റെ ഭാഗമായി പ്രചോദന സേഷ്യൽ സർവീസ് സൊസൈറ്റി കോവിഡ് കാലത്ത് നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങൾ അഭിനന്ദനാർഹം ആയിരുന്നു. 2007ലാണ് സഭയുടെ കേരളത്തിനു പുറത്തുള്ള മിഷൻ പ്രവർത്തനങ്ങളുടെ ചുമതല തിരുമേനി ഏറ്റെടുത്തത്. തെരുവിലെ പട്ടിണിക്കാർക്ക് ഭക്ഷണം നൽകുന്ന പദ്ധതിക്കും ഇദ്ദേഹം 2010ൽ തുടക്കം കുറിച്ചു.

പത്തനംതിട്ട റാന്നി കാരികുളം ഏറത്ത് ഗീവർഗീസിന്റെയും റേച്ചലിന്റെയും മകനായ ജേക്കബ് 1986ലാണ് വൈദീകപട്ടം നേടിയത്. ഗുരുഗ്രാമിലെ സ്വകാര്യ ആശുപത്രിയിലാണ് നിലവിൽ ഭൗതിക ശരീരം സൂക്ഷിച്ചിരിക്കുന്നത്. പിതാവ് കോവിഡ് ബാധിതനായി മരിച്ചതിന്റെ ചടങ്ങുകളിൽ പങ്കെടുത്ത് കേരളത്തിൽ നിന്നും മടങ്ങിയ തിരുമേനി ഇതോടെയാണ് കോവിഡ് ബാധിതനായത്. കഴിഞ്ഞ നാലു മാസത്തോളമായി അദ്ദേഹം ചികിത്സയിൽ ആയിരുന്നു. തിരുമേനിയുടെ ആരോഗ്യ നില ആശങ്കാകുലമായി തുടരുന്ന സാഹചര്യത്തിൽ മൂന്നു സഹോദരിമാരും സഹോദരനും ഡൽഹിയിൽ എത്തിയിരുന്നു.

ഇന്നലെ വൈകിട്ട് നേബ് സറായി സെന്റ് മേരീസ് കത്രീഡ്രലിൽ എത്തിച്ച ഭൗതിക ശരീരം ഇന്ന് പ്രാർത്ഥനകളോടെ പൊതു ദർശനത്തിന് അവസരമൊരുക്കും. ശനിയാഴ്ച രാവിലെ 10 മണിക്കാകും ഖബറടക്ക ശുശ്രൂഷകൾ കത്രീഡ്രൽ ദേവാലയത്തിൽ ആരംഭിക്കുക.

# കേരള ബാങ്ക് കാര്യക്ഷമതോടെ മുന്നോട്ട് പോകണം : മന്ത്രി വി.എൻ. വാസവൻ

കേരള ബാങ്കിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമതയോടെ മുന്നോട്ട് കൊണ്ടുപോകണമെന്ന് സഹകരണം, രജിസ്ട്രേഷൻ മന്ത്രി വി.എൻ. വാസവൻ നിർദ്ദേശിച്ചു. ന്യൂ ജനറേഷൻ ബാങ്കുകൾക്ക് സമാനമായി അത്യാധുനിക സംവിധാനങ്ങൾ നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. ഐടി ഇന്റഗ്രേഷൻ പൂർത്തിയാകുമ്പോൾ സാധാരണക്കാർക്ക് പൂർണമായും ലളിതമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ആധുനിക സംവിധാനങ്ങൾ ബാങ്കിലുണ്ടാകും. മറ്റ് ദേശസാൽകൃത ബാങ്കുകളോടൊപ്പം മുന്നേറാനുള്ള ശേഷി ബാങ്കിനുണ്ടാകമെന്നും മന്ത്രി പറഞ്ഞു. കേരള ബാങ്കിന്റെ ബിസിനസ് പുരോഗതി വിലയിരുത്താനായി ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.= ബാങ്കിലെ നിഷ്ക്രിയ ആസ്തി അക്കൗണ്ടുകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചു. കുടിശികക്കാർക്ക് സൗകര്യപ്രദമായ രീതിയിൽ ബാങ്കിനു കനത്ത ബാദ്ധ്യത വരാത്ത രീതിയിലായിരിക്കണം നടപടികൾ സ്വീകരിക്കേണ്ടത്. നിയമപരമായ തിരിച്ചുപിടിക്കൽ അടക്കമുള്ള നടപടികൾക്ക് സർക്കാരിന്റെ പൂർണ സഹായവും മന്ത്രി വാഗ്ദാനം ചെയ്തു. സാധാരണക്കാർക്ക് ബുദ്ധിമുട്ടുകൾ വരാത്ത തരത്തിലായിരിക്കണം നടപടികൾ സ്വീകരിക്കേണ്ടതെന്നും മന്ത്രി നിർദ്ദേശിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളുമായി ഊഷ്മള ബന്ധം നിലനിർത്തുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു. യോഗത്തിൽ ബാങ്കിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി. സഹകരണ സെക്രട്ടറി മിനി ആന്റണി, കേരള ബാങ്ക് ചെയർമാൻ ഗോപി കോട്ടമുറിക്കൽ, സഹകരണ സംഘം രജിസ്ട്രാർ പി.ബി.നൂഹ്, സിഇഒ എസ്. രാജൻ, ചീഫ് ജനറൽ മാനേജർ കെ.സി. സഹദേവൻ, ഹെഡ് ഓഫീസിലെ ജനറൽ മാനേജർമാർ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

# കുടുംബശ്രീ ഉത്പന്നങ്ങൾ ഇനി ഓൺലൈനായും കുടുംബശ്രീ ഉത്സവിന് തുടക്കമായി

കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഇനി ഓൺലൈനായി ഓർഡർ ചെയ്തു വാങ്ങാം. ഓൺലൈൻ വിപണനമേള 'കുടുംബശ്രീ ഉത്സവിന് ' ജില്ലയിൽ തുടക്കമായി. ഒരു വീട്ടിൽ ഒരു കുടുംബശ്രീ ഉൽപ്പന്നം എന്ന ലക്ഷ്യത്തോടെ ഓൺലൈൻ വിപണി പ്രോത്സാഹിപ്പിക്കുകയാണ് മേളയിലൂടെ. ംംം.സൗറൗായമവൈൃലലയമമൃ.രീാ വെബ്സൈറ്റിലൂടെ സംസ്ഥാനത്തെ 350 ഓളം കുടുംബശ്രീ സംരംഭകരുടെ ആയിരത്തോളം ഉൽപ്പന്നങ്ങൾ വാങ്ങാനുള്ള അവസരമാണ് ഒരുക്കിയിട്ടുള്ളത്. ഓഗസ്റ്റ് 31 വരെയാണ് മേള. എല്ലാ ഉൽപ്പന്നങ്ങൾക്കും 10 മുതൽ 40 ശതമാനം വരെ വിലക്കുറവുണ്ട്. ഓൺലൈൻ പോർട്ടലിലൂടെ ഓർഡർ ചെയ്യുന്ന ഉൽപ്പന്നങ്ങൾ പോസ്റ്റ് ഓഫീസ് വഴി ലഭ്യമാക്കും.

നാടൻ ഉല്പന്നങ്ങളായ തേൻ, മുളകുപൊടി, പയറുപൊടി, മഞ്ഞപ്പൊടി തുടങ്ങിയവയും കരകൗശല ഉൽപ്പന്നങ്ങൾ, വസ്ത്രങ്ങൾ, അച്ചാറുകൾ, കുടകൾ, സ്ക്വാഷ്, ആദിവാസി വിഭാഗക്കാരുടെ വനവിഭവങ്ങൾ എന്നിവയും ലഭ്യമാകും. ഓൺലൈൻ വിപണന മേളയുടെ ജില്ലാതല ഉദ്ഘാടനം കഴിഞ്ഞദിവസം ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ ബാലഗോപാൽ നിർവഹിച്ചു.

# ആൾത്താമസമില്ലാത്ത വീടുകളും ക്ഷേത്രങ്ങളും കേന്ദ്രീകരിച്ച് മോഷണം; രണ്ടുപേർ പിടിയിൽ

ഹരിപ്പാട്: ആൾത്താമസമില്ലാത്ത വീടുകളും ക്ഷേത്രങ്ങളും കേന്ദ്രീകരിച്ച് മോഷണം നടത്തുന്ന സംഘത്തിലെ രണ്ടുപേർ പിടിയിൽ. കായംകുളം പാടീറ്റേടത്തു പടീറ്റതിൽ ഷമീർ (വടക്കൻ34), കായംകുളം ഐകെ ജംഗ്ഷനിൽ വരിക്കപള്ളി തറയിൽ സെമീർ( വാറുണ്ണി 35) എന്നിവരെയാണ് കരീലകുളങ്ങര പോലീസ് അറസ്റ്റ് ചെയ്തത്.

ചേപ്പാട് രണ്ടു വീടുകളിൽ കഴിഞ്ഞദിവസമുണ്ടായ മോഷണത്തെ കുറിച്ച നടത്തിയ അന്വേഷണത്തിലാണ് ഇവർ പിടിയിലായത്. മാളിയേക്കൽ പെട്രോൾ പമ്പിനു സമീപമുള്ള കുടുംബ ക്ഷേത്രത്തിൽ നിന്നും പനയന്നാർകാവ് ക്ഷേത്രത്തിൽ നിന്നും മുൻപ് നഷ്ടമായിരുന്ന സാധനങ്ങളും ഇവരിൽ നിന്നു കണ്ടെടുത്തിട്ടുണ്ട്.

വീടുകൾ കുത്തിത്തുറന്ന് വീട്ടുപകരണങ്ങളടക്കമുള്ള സാധനങ്ങൾ മോഷ്ടിക്കുന്നതാണ് ഇവരുടെ പതിവ്. പകൽസമയങ്ങളിൽ പെട്ടി വണ്ടിയിൽ മീൻ കച്ചവടം, ആക്രി സാധന കച്ചവടം എന്നിവയുമായി സഞ്ചരിച്ച് താമസമില്ലാത്ത വീടുകൾ കണ്ടെത്തുകയും അവിടെ മോഷണം നടത്തുകയും ചെയ്യുന്ന രീതിയാണ് ഇവർ അനുവർത്തിച്ചു വന്നിരുന്നത്.

പത്തിയൂർ, കരീലകുളങ്ങര, ചേപ്പാട് കായംകുളം, കനകക്കുന്ന്, ചിങ്ങോലി എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് മോഷണം നടത്തിവന്നിരുന്നത്. മോഷണം നടന്ന വീടുകളിൽ നിന്ന് സാധനങ്ങൾ കൊണ്ടുപോകാൻ ചെറിയ വാഹനങ്ങളിലെ കഴിയുമായിരുന്നുള്ളു. ഇതിൻറെ അടിസ്ഥാനത്തിൽ പെട്ടിവണ്ടികൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് ഇവർ പിടിയിലായത്.

മോഷണ മുതലുകളായ പൈപ്പ്, ഓട്ടുപാത്രങ്ങൾ, ഫ്രിഡ്ജ്, ഇൻവെർട്ടർ, ചെമ്പ് പാത്രങ്ങൾ എന്നിവ കായംകുളം ഐകെ ജംഗ്ഷനിലും, പുളിമുക്കിലും ഉള്ള ആക്രിക്കടകളിലുമായിരുന്നു വിറ്റഴിച്ചിരുന്നത്. പ്രതികളിൽ നിന്നും വീട്ടുപകരണങ്ങൾ അടക്കമുള്ള മോഷണമുതലുകൾ കണ്ടെടുത്തിട്ടുണ്ട്. സമീപപ്രദേശങ്ങൾ നടന്ന കവർച്ചകളിൽ പ്രതികൾക്ക് പങ്കുണ്ടോയെന്ന് അന്വേഷിച്ചു വരികയാണെന്നും ഇനിയും കൂടുതൽ പ്രതികൾ സംഘത്തിൽ ഉള്ളതായും അവർക്കായുള്ള അന്വേഷണവും നടന്നുവരുന്നതായും പോലീസ് പറഞ്ഞു.

കരീലകുളങ്ങര സി.ഐ എം.സുധിലാലിൻറെ നേതൃത്വത്തിൽ എസ്ഐ മാരായ ഷെഫീഖ്, സുരേഷ് , എഎസ്ഐമാരായ ജയചന്ദ്രൻ, സുരേഷ് ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരായ എസ്. ആർ ഗിരീഷ്, അജിത് കുമാർ ബി .വി, മണിക്കുട്ടൻ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.

# ക്ഷീരകർഷകർക്കെല്ലാം ക്ഷേമനിധി ബോർഡിൽ അംഗത്വം: മന്ത്രി ജെ. ചിഞ്ചു റാണി

ക്ഷീരകർഷക സംഘങ്ങളിൽ അംഗമല്ലാത്തവർ ഉൾപ്പെടെ കന്നുകാലികളെ വളർത്തുന്ന എല്ലാ കർഷകർക്കും ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകുമെന്ന് ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. സർക്കാരിന്റെ നൂറ് ദിന പരിപാടിയുമായി ബന്ധപ്പെട്ട് കേരള ക്ഷീരകർഷക ക്ഷേമനിധി സമ്പൂർണ അംഗത്വ ക്യാമ്പയിനിന്റെ ഉദ്ഘാടനം ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. പെൻഷൻ, ചികിത്സാ ധനസഹായം, തൽസമയം നൽകുന്ന കോവിഡ് സഹായം ഉൾപ്പെടെ ലഭിക്കുന്നതിന് ക്ഷേമനിധി അംഗത്വം നിർബന്ധമാണ്. ക്ഷീര സഹകരണ സംഘങ്ങളിൽ രജിസ്റ്റർ ചെയ്ത് പാലളക്കുന്നവർക്ക് മാത്രമായിരുന്നു ഇത്തരം ആനുകൂല്യങ്ങൾ ലഭിച്ചിരുന്നത്. ഇനി മുഴുവൻ ക്ഷീരകർഷകർക്കും ബോർഡിൽ അംഗത്വം നൽകി സഹായങ്ങൾ ലഭ്യമാക്കുമെന്ന് മന്ത്രി പറഞ്ഞു.

മികച്ച ക്ഷീരകർഷകനായ വി.എസ്.ബിജുവിനെ മന്ത്രി ആദരിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം. കെ. ഡാനിയൽ ക്ഷേമനിധി ധനസഹായത്തിന്റെ വിതരണോദ്ഘാടനം നിർവഹിച്ചു. ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ചെയർമാൻ എൻ. രാജൻ അദ്ധ്യക്ഷനായി. ക്ഷീരവികസന വകുപ്പ് ഡയറക്ടർ മിനി രവീന്ദ്രദാസ്, ബോർഡ് മെമ്പർ കെ.എസ് മണി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതിക വിദ്യാധരൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെ.വി.ബിന്ദു തുടങ്ങിയവർ പങ്കെടുത്തു.

# എട്ടുവർഷത്തിനിടെ ഉയർന്ന വിലയിൽ റബർ

കോട്ടയം: റബർ കർഷകർക്ക് ആശ്വാസമായി റബർവിലയിൽ വർധനവ്. കഴിഞ്ഞ എട്ടുവർഷത്തിനിടെ ആർഎസ്എസ് നാല് ഗ്രേഡ് റബർ കിലോക്ക് 180 രൂപയെന്ന വിലയിലേക്ക് വിപണി എത്തി.

ഈ മാസമാണ് റബർവിലയിൽ കാര്യമായ പുരോഗതി രേഖപ്പെടുത്തിയത്. ഓഗസ്റ്റ് തുടക്കം മുതൽ ക്രമാനുഗതമായി ഉയർന്ന വില രണ്ടുദിവസം മാത്രമാണ് നേരിയ തോതിലെങ്കിലും ഇടിഞ്ഞത്. കഴിഞ്ഞ രണ്ടിന് 171.50 രൂപയായിരുന്നു. 12ന് 178.50ൽ എത്തി. 13ന് 178 ആയും 14ന് 177.50 ആയും കുറഞ്ഞു. 20ന് 179.50 ലേക്ക് ഉയർന്ന് സ്ഥിരത കൈവരിച്ചു. വരുംദിവസങ്ങളിൽ വില ഇനിയും ഉയരുമെന്നാണ് വിപണി നൽകുന്ന സൂചന. അന്താരാഷ്ട്രവിപണിയിൽ 144 രൂപവരെ ഉയർന്നെങ്കിലും ഇപ്പോൾ 141 രൂപയ്ക്കാണ് കച്ചവടം നടക്കുന്നത്. ലോക്ഡൗണിൽ വെട്ട് നിർത്തിയതും പലരും കൃഷി ഉപേക്ഷിച്ചതും വില ഉയരാൻ കാരണമായി. കോവിഡ് നിയന്ത്രണങ്ങളും കണ്ടെയ്നർ ക്ഷാമവും ഇറക്കുമതിയേയും ബാധിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ കൈയുറയ്ക്കും മറ്റും ആവശ്യം ഉയർന്നത് റബർപാലിന്റെ വിലയും 130. 50 വരെ ഉയർത്തിയെങ്കിലും ഇപ്പോൾ 128.90 രൂപയ്ക്കാണ് വ്യാപാരം നടക്കുന്നത്. അതേസമയം, ചിരട്ടപ്പാൽ ഇറക്കുമതി നീക്കത്തോട് കേന്ദ്ര വാണിജ്യ മന്ത്രാലയവും റബർ ബോർഡും അനുകൂല നിലപാടെടുക്കുന്നത് കർഷകരുടെ പ്രതീക്ഷകളിൽ കരിനിഴൽ വീഴ്ത്തുന്നുണ്ട്.

# ഖേദപ്രകടനം നടത്തി എംഎസ്എഫ് നേതാക്കൾ; പരാതി പിൻവലിക്കില്ലെന്ന് ഹരി

തിരുവനന്തപുരം: ഹരിത നേതാക്കൾക്കെതിരായ ലൈംഗിക അധിക്ഷേപ പരാമർശത്തിൽ എംഎസ്എഫ് നേതാക്കൾ ഖേദം പ്രകടിപ്പിച്ചു. ഇതുസംബന്ധിച്ച് ലീഗ് വാർത്താക്കുറിപ്പ് പുറത്തിറക്കി.

അതേസമയം എംഎസ്എഫ് നേതാക്കൾക്ക് എതിരായ പരാതി പിൻവലിക്കില്ലെന്ന് ഹരിത അറിയിച്ചു. ഹരിതയുടെ പ്രവർത്തനം മരവിപ്പച്ച നടപടി പിൻവലിക്കും. എംഎസ്എഫിൻറെ സംസ്ഥാന ജില്ലാ കമ്മറ്റികളിൽ വനിതാ പ്രാതിനിധ്യം ഉറപ്പാക്കും. ഇതിനായി ഭരണഘടനയിൽ മാറ്റം വരുത്തുമെന്നും ലീഗ് അറിയിച്ചു.

# ഇന്റർ ഏജൻസി ഗ്രൂപ്പ് പുനർ രൂപീകരണം: അപേക്ഷ ക്ഷണിച്ചു

ജില്ലയിലെ ദുരന്തപൂർവദുരന്താനന്തര മേഖലയിൽ പ്രവർത്തിക്കുന്ന ഇന്റർ ഏജൻസി ഗ്രൂപ്പിന്റെ(ഐ.എ.ജി)പുനർ രൂപീകരണത്തിന് സന്നദ്ധ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഓഗസ്റ്റ് 30 വൈകിട്ട് അഞ്ചിനകം അപേക്ഷിക്കണം. വേു://ശേി്യ.രര.കഅഏസീഹഹമാ ഗൂഗിൾ ഫോം ലിങ്ക് വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. നിലവിൽ ഐ.എ.ജിയുടെ ഭാഗമായിട്ടുള്ള സംഘടനകളും അപേക്ഷ നൽകണം.

# മന്ത്രി വി.എൻ വാസവൻ അനുശോചിച്ചു

പ്രശസ്ത മദ്ദള കലാകാരൻ തൃക്കൂർ രാജന്റെ നിര്യാണത്തിൽ സഹകരണം, രജിസ്ട്രേഷൻ മന്ത്രി വി.എൻ. വാസവൻ അനുശോചനം രേഖപ്പെടുത്തി. തൃശ്ശൂർ പൂരം, ഉത്രാളിപ്പൂരം, നെൻമാറ വേല എന്നിവിടങ്ങളിൽ മദ്ദളക്കാരനും മദ്ദള പ്രമാണിയുമായിരുന്ന തൃക്കൂർ രാജൻ, ഗുരുവായൂർ, തൃപ്പൂണിത്തുറ, തൃക്കൂർ ഉൽസവങ്ങളിൽ പ്രധാന ആകർഷണമായിരുന്നു.

മേളത്തിൽ മദ്ദളത്തിന്റെ പ്രാധാന്യം ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കാനും കഴിഞ്ഞ അപൂർവ കലാകാരനായിരുന്നു അദ്ദേഹം. 1987 ൽ സോവിയറ്റ് യൂണിയനിൽ നടന്ന ഭാരതോത്സവത്തിൽ പഞ്ചവാദ്യത്തിന് നേതൃത്വം നൽകി കേരളത്തിന്റെ യശ്ശസ് ഉയർത്തിപ്പിടിക്കുകയും ചെയ്ത് തൃക്കൂർ രാജന്റെ വിയോഗം വാദ്യ കലാരംഗത്ത് കനത്ത നഷ്ടമാണ്.

# ലാപ്ടോപ്പിന് ധനസഹായം

പട്ടികജാതി വിഭാഗത്തിൽ പെട്ട ഇഗ്രാന്റ്സ് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ള ഒന്നാം വർഷ പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് നൽകുന്ന ധനസഹായത്തിന് അപേക്ഷിക്കാം. സ്ഥാപന മേധാവികൾ മുഖേനയുള്ള അപേക്ഷകൾ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കണം. ഫോൺ04742794996.

# കെ ജെ അൽഫോൺസ് തന്റെ 'ആക്സിലറേറ്റിംഗ് ഇന്ത്യ: 7 ഇയേഴ്സ് ഓഫ് മോദി ഗവൺമെന്റ്" എന്ന പുസ്തകം പ്രധാനമന്ത്രിക്ക് സമ്മാനിച്ചു

ന്യൂഡൽഹി : മുൻ കേന്ദ്ര മന്ത്രി ശ്രീ കെ ജെ അൽഫോൺസ് തന്റെ 'ത്വരിതപ്പെടുത്തുന്ന ഇന്ത്യ: മോദി ഗവണ്മെന്റിന്റെ 7 വർഷങ്ങൾ ' എന്ന പുസ്തകം പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിക്ക് സമർപ്പിച്ചു. ഇന്ത്യയുടെ പരിഷ്കരണ യാത്രയുടെ വശങ്ങൾ 'ഇന്ത്യയെ ത്വരിതപ്പെടുത്തൽ' എന്ന കൃതിയിൽ ഉൾക്കൊള്ളിക്കാൻ അദ്ദേഹം അഭിനന്ദനീയമായ ഒരു ശ്രമം നടത്തിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ഒരു ട്വീറ്റിൽ പ്രധാനമന്ത്രി പറഞ്ഞു;

'എന്റെ വിലമതിക്കപ്പെട്ട സഹപ്രവർത്തകനായ ശ്രീ അൽഫോൺസ് , ഇന്ത്യയുടെ പരിഷ്കരണ യാത്രയുടെ മുഖങ്ങൾ 'ഇന്ത്യയെ ത്വരിതപ്പെടുത്തുന്നു' എന്ന പുസ്തകത്തിൽ ചുരുക്കിയവതരിപ്പിക്കാൻ പ്രശംസനീയമായ ഒരു ശ്രമം നടത്തിയിട്ടുണ്ട് . അദ്ദേഹത്തിൽ നിന്ന് പുസ്തകത്തിന്റെ ഒരു പ്രതി ഏറ്റു വാങ്ങിയതിൽ സന്തോഷമുണ്ട്.

# സ്ക്വാഡ് പരിശോധന: 37 സ്ഥാപനങ്ങൾക്ക് പിഴ

കോവിഡ് മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി നടത്തുന്ന താലൂക്കുതല സ്ക്വാഡ് പരിശോധനയിൽ 37 സ്ഥാപനങ്ങൾക്ക് പിഴ ചുമത്തി.

കൊട്ടാരക്കര, ചടയമംഗലം, ചിതറ, വെട്ടിക്കവല, കുമ്മിൾ, മൈലം, നെടുവത്തൂർ, നിലമേൽ, പവിത്രേശ്വരം, പൂയപ്പള്ളി, ഉമ്മന്നൂർ, വെളിയം, കടയ്ക്കൽ പ്രദേശങ്ങളിൽ നടത്തിയ പരിശോധനയിൽ 23 കേസുകളിൽ പിഴയീടാക്കുകയും 356 എണ്ണത്തിന് താക്കീത് നൽകുകയും ചെയ്തു.

കരുനാഗപ്പള്ളിയിൽ ആലപ്പാട്, ചവറ, കെ.എസ്.പുരം, നീണ്ടകര, ഓച്ചിറ, പ ന, തഴവ, തൊടിയൂർ, തെക്കുംഭാഗം, തേവലക്കര എന്നിവിടങ്ങളിൽ നടത്തിയ പരിശോധനയിൽ ആറു കേസുകളിൽ പിഴയീടാക്കി. 176 സ്ഥാപനങ്ങൾക്ക് താക്കീത് നൽകി.

കൊല്ലത്തെ പേരയം, പെരിനാട്, പരവൂർ, തൃക്കോവിൽവട്ടം, കുണ്ടറ, പനയം, ചാത്തന്നൂർ, തൃക്കരുവ, കൊല്ലം കോർപ്പറേഷൻ ഭാഗങ്ങളിൽ നടത്തിയ പരിശോധനയിൽ നാലു കേസുകളിൽ പിഴയീടാക്കി. 335 എണ്ണത്തിന് താക്കീത് നൽകി.

കുന്നത്തൂരിൽ നടത്തിയ പരിശോധനയിൽ നാലു കേസുകൾക്ക് പിഴയും 134 സ്ഥാപനങ്ങൾക്ക് താക്കീതും നൽകി.

പത്തനാപുരം, പിടവൂർ, പിറവന്തൂർ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനയിൽ 11 സ്ഥാപനങ്ങൾക്ക് താക്കീത് നൽകി.

പുനലൂരിൽ ഡെപ്യൂട്ടി തഹസീൽദാർ ടി.എസ്.വിജയലക്ഷ്മിയുടെ നേതൃത്വത്തിൽ ഇടമൺ, തെ ല, ആര്യങ്കാവ് മേഖലകളിൽ പരിശോധന നടത്തി. 17 കേസുകൾക്ക് താക്കീത് നൽകി.

# പുതിയ ഡ്രോൺ ചട്ടങ്ങൾ ഇന്ത്യയിൽ ഈ മേഖലയ്ക്ക് ഒരു സുപ്രധാന നാഴികക്കല്ല്: പ്രധാനമന്ത്രി

ന്യൂഡൽഹി: പുതിയ ഡ്രോൺ ചട്ടങ്ങൾ ഇന്ത്യയിൽ ഈ മേഖലയ്ക്ക് ഒരു സുപ്രധാന നാഴികക്കല്ലാണ് നൽകുന്നതെന്ന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി പറഞ്ഞു. പുതിയ ഡ്രോൺ ചട്ടങ്ങൾ സ്റ്റാർട്ടപ്പുകളെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന നമ്മുടെ യുവാക്കളെയും വളരെയധികം സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ട്വീറ്റുകളുടെ ഒരു പരമ്പരയിൽ പ്രധാനമന്ത്രി പറഞ്ഞു;

'പുതിയ ഡ്രോൺ ചട്ടങ്ങൾ ഇന്ത്യയിൽ ഈ മേഖലയ്ക്ക് ഒരു സുപ്രധാന നാഴികക്കല്ലാണ് നൽകുന്നത്. വിശ്വാസത്തിന്റെയും സ്വയം സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിലാണ് ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുള്ളത്. അനുമതികളും പാലിക്കൽ ആവശ്യകതകളും പ്രവേശന തടസ്സങ്ങളും ഗണ്യമായി കുറയ്ക്കാൻ ഇത് സഹായിക്കും.

ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളെയും യുവാക്കളെയും പുതിയ ഡ്രോൺ നിയമങ്ങൾ വളരെയധികം സഹായിക്കും. ഇത് നവീനാശയങ്ങൾക്കും ബിസിനസ്സിനും പുതിയ സാധ്യതകൾ തുറക്കും. ഇന്ത്യയെ ഒരു ഡ്രോൺ ഹബ് ആക്കി മാറ്റുന്നതിന് ഇന്നൊവേഷൻ, ടെക്നോളജി, എഞ്ചിനീയറിംഗ് എന്നിവയിൽ ഇന്ത്യയുടെ കരുത്ത് പ്രയോജനപ്പെടുത്താൻ ഇത് സഹായിക്കും.

# സീറ്റ് ഒഴിവ്

കൊല്ലം കേന്ദ്രീയ വിദ്യാലയത്തിൽ പ്ലസ് വൺ കോമേഴ്സ് വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനത്തിന് അപേക്ഷിക്കാം. രക്ഷകർത്താക്കൾ ഓഗസ്റ്റ് 31നകം വിദ്യാലയവുമായി ബന്ധപ്പെടണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ഫോൺ04742799494, 2799696.

# ഇതരസംസ്ഥാന വള്ളങ്ങൾക്ക് പ്രവേശനമില്ല

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള വള്ളങ്ങൾ ജില്ലയിലെ ഹാർബറുകളിലോ ലേലഹാളുകളിലോ അടുപ്പിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയെന്ന് ജില്ലാ കലക്ടർ. വ്യാജ രജിസ്ട്രേഷൻ നമ്പർ ഉപയോഗിക്കുന്ന യാനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കും. തങ്കശ്ശേരി ഹാർബറിലെ പോർട്ട് കൊല്ലം, വാടി ലേലഹാളുകൾ കേന്ദ്രീകരിച്ച് വള്ളങ്ങൾ കൂടുതലായി അടുപ്പിക്കുന്നത് ഒഴിവാക്കണം. അടുക്കുന്ന വള്ളങ്ങൾക്ക് ആനുപാതികമായി മത്സ്യവിപണനം നടത്തുകയും വേണം. മാനദണ്ഡ ലംഘനം ശ്രദ്ധയിൽപെട്ടാൽ വിവരം നീണ്ടകര ഫിഷറീസ് സ്റ്റേഷനിലെ 04762680036, 9496007036 നമ്പരുകളിൽ അറിയിക്കണമെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

# തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സ്

എൽ.ബി.എസിന്റെ അടൂർ സബ് സെന്ററിൽ നടത്തുന്ന പി.ജി. ഡി.സി.എ(യോഗ്യത ഡിഗ്രി), ഡി.സി.എ(പ്ലസ് ടു)കമ്പ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷിക്കാം. ംംം.ഹയരെലിൃല.സലൃമഹമ.ഴീ.ശി വെബ്സൈറ്റ് വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. പട്ടികജാതി/പട്ടികവർഗ/മറ്റർഹ വിഭാഗങ്ങൾക്ക് ഫീസില്ല. വിശദവിവരങ്ങൾ ഓഫീസിലും 9947123177 നമ്പരിലും ലഭിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.